KNANAYADEEPAM

# ക്നാനായദീപം

SINCE 1989
Vol: 30 / Issue: 1 January 2019 ₹ :10/-



## 1 – ാം ചരമവാർഷികം

10 – 02 – 2019



# കെ. എ. ഏബ്രഹാം (കുഞ്ഞുമോൻ)

### കാഞ്ഞിരത്തിങ്കൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# ക്നാനായ ദീപം

SINCE 1989

2019 ജനുവരി　പുസ്തകം 30　ലക്കം 1

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathewkutty Thekkeparambil
E. P. Kuriakose, Edavazhikkal
Thomas K. A. Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
Joseph P. A. Puthenpurackal
Kuriakose A. U. Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www.knanayadeepam.com**

## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

പ്രളയാനന്തര കേരളത്തിൽ വിദ്വേഷം വേണ്ട 06
ഡോ. ഡി. ബാബുപോൾ ഐ.എ.എസ്.

അധ്യാപനം ഉയരട്ടെ രാജ്യനിർമ്മിതിയിലേക്ക് 08
ഡോ. സുനിൽ ഡി. കുരുവിള

സഭ അനുഗ്രഹിക്കപ്പെടുന്നത് എങ്ങനെ? 10
ഫാ. റോയി മാത്യൂസ്

വിദ്യാലയത്തിലും തിരുമുറ്റത്തും ഹരിതാഭനിറയട്ടെ 15
ടോംസ് ആന്റണി

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

പുതുവർഷം മാറ്റത്തിന്റെ നാളുകൾ ആകണം 20
ഫാ. തോമസ് ഏബ്രഹാം മലേച്ചേരിൽ

കാല്പാടുകൾ 21
എബി

മാതാപിതാക്കൾ അറിയുവാൻ 22
അനുബ് ജോൺ ചക്രവേലിൽ

മലർവാടിക്കൂട്ടം 24

പ്രാർത്ഥന 37
കെ. സി. ബേബി

മാട്രിമോണിയൽ 40



**ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**

നാലു വർഷത്തിനുമേൽ കുടിശ്ശിക ആയാൽ ഇനിമുതൽ ദീപം അയയ്ക്കുന്നതല്ല. ആയതിനാൽ കുടിശ്ശികയുള്ളവർ വരിസംഖ്യ ദയവായി അടയ്ക്കണം. ഓൺലൈനായും വരിസംഖ്യ അടയ്ക്കാവുന്നതാണ്.
**Ac. No: 57004254154**
**IFSC: SBIN 0070128**
**SBI, Chingavanam**

**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

സുവിശേഷത്തിനും സഭയ്ക്കും എതിരായി സാത്താൻ തന്റെ സകല ശക്തികളെയും കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണു നാം ഇന്നു ജീവിക്കുന്നത്. ലോകത്തിന്റെ ഏതു ഭാഗത്തും സുവിശേഷവേലയ്ക്ക് എതിരായ പ്രവർത്തനങ്ങൾ ത്വരിതമായി നടന്നുവരുന്നു. നമ്മുടെ നാട്ടിലും നമ്മുടെ സഭയിലും ശബ്ദം ഉയർന്നുവരുന്നു. വചനത്തിന്റെ മർമ്മങ്ങളെ നിർവീര്യമാക്കുവാൻ വേണ്ടി സാത്താൻ ഇന്ന് വൈദീക സെമിനാരികളിൽ പോലും നവീന ആശയങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസികളെ, നമ്മുടെ പിതാക്കന്മാർ നമ്മേ ഏൽപ്പിച്ചുതന്ന സത്യവിശ്വാസത്തെ സംരക്ഷിക്കേണ്ട ചുമതല നമുക്ക് ഉണ്ട്. നാം കൂടുതൽ സംഘടിതരായി ധീരമായി സുവിശേഷപ്പടക്കളത്തിൽ ഇറങ്ങേണ്ടതല്ലയോ? ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നതിനു മുൻപ് എഴുന്നേറ്റ് പ്രവർത്തിക്കാം.

ഇംഗ്ലീഷ് ഭാഷയിൽ സഭയ്ക്ക് ഉപയോഗിക്കുന്ന പദം Church എന്നാണ്. അതിനു രണ്ട് ആശയങ്ങൾ ഉണ്ട്.

1). വിശ്വാസികളുടെ സമൂഹം, 2) പള്ളി, ആരാധനാസ്ഥലം എന്നുള്ളതാണ്. ഗ്രീക്കു ഭാഷയിൽ എക്ലീസിയാ എന്നു പറയുന്നു. അതിന്റെ അർത്ഥം വിളിച്ചു വേർതിരിക്കപ്പെട്ട സമൂഹം എന്നാണ്. പാപത്തിന്റെ ആധിപത്യത്തിൽനിന്ന് വിളിച്ചു വേർതിരിയപ്പെട്ടിട്ട് പാപത്തിൽനിന്നും പൂർണ്ണ വിടുതൽ പ്രാപിച്ച കൂട്ടമാണ് സഭ. രക്ഷിക്കപ്പെട്ടവരുടെ കൂട്ടം എന്നും ഇതിനു പേർ പറയുന്നു. ഇതാണ് സഭ എങ്കിൽ ഇന്നത്തെ സഭയും ആദിമ സഭയും തമ്മിൽ എത്ര മാത്രം വ്യത്യാസമുണ്ട്. ഇന്നത്തെ സഭയ്ക്ക് അകത്തോ കക്ഷി വഴക്കുകൾ, സൗന്ദര്യപ്പിണക്കങ്ങൾ ഇവയൊക്കെ വർദ്ധിച്ചുവരുന്നു. പിറവത്തും കോതമംഗലത്തും മറ്റു പല സ്ഥലങ്ങളിലും കോടതിവിധി എന്ന പിശാചിന്റെ വലിയ ആയുധവുമായി നടമാടിക്കൊണ്ടിരിക്കുന്ന ഭയാനകമായ അവസ്ഥ എന്താണ്. അസൂയയും നുണയും വിശ്വാസികൾക്കിടയിൽ നല്ല സ്ഥാനം കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. കള്ളം പറയാത്ത വൈദീകരും മേലദ്ധ്യക്ഷന്മാരും വളരെ ചുരുക്കമാണ്. സ്വാർത്ഥതയും നിഗളവും ഒരു തെറ്റായി തോന്നുന്നില്ല. ദ്രവ്യാഗ്രഹം അതിന്റെ ഉച്ച സ്ഥിതിയിൽ ഉയർന്നു ശോഭിക്കുന്നു. ഭക്തിയുടെ വേഷം ഉണ്ട്, ശക്തി ഇല്ല. ആരെയും പാപത്തിന്റെ ഫലമായ തിയതിയിൽനിന്നും വലിച്ചെടുക്കുന്നില്ല. അനേകരെ തീയിലേക്ക് വലിച്ചിടുന്നു. ആരും മറ്റുള്ളവരുടെ ഗുണമല്ല സ്വന്തഗുണമാണ് നോക്കുന്നത്. ഉയരത്തിലുള്ളതല്ല ഭൂമിയിലുള്ളതു തന്നെയാണു ചിന്തിക്കുന്നത്. കൈപ്പണിയല്ലാത്ത സ്വർഗ്ഗത്തിലെ ഭവനത്തിനുവേണ്ടിയല്ല. ഈ ലോകത്തിലെ ബാബിലോണ കോട്ടകൾക്കു വേണ്ടിയാണ് പ്രവർത്തിക്കുന്നത്. സ്നേഹം തീരെ കുറച്ചേയുള്ളു. സ്നേഹത്തിന്റെ സന്ദേശമാണ് യേശുക്രിസ്തു ലോകത്തിനു നൽകിയിട്ടുള്ളത്. ആ സന്ദേശം സ്വീകരിച്ചവരാണ് സഭ. സഭയുടെ ജീവരക്തമാണ് സ്നേഹം, സഭാംഗങ്ങൾ തമ്മിൽ തമ്മിലുള്ള പരസ്പര സ്നേഹമാണ് യഥാർത്ഥത്തിൽ അവരെ ദൈവത്തിന്റെ മക്കളായി പരിരക്ഷിച്ചുകൊണ്ടിരിക്കുന്നതിന്റെ രഹസ്യം. സകലത്തിനും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ സ്നേഹ ചുംബനത്താൽ തമ്മിൽ വന്ദനം ചെയ്യുവീൻ. (1. പത്രോ. 1:22, 2:17, 4:8, 5:14) എന്നീ നിർദ്ദേശങ്ങൾ സ്നേഹമാണ് സഭയുടെ മുഖമുദ്ര എന്ന സത്യം വെളിപ്പെടുത്തുകയാണ്. നിരന്തരമായുള്ള സ്നേഹബന്ധം ഭിന്നതകൾ കുറയ്ക്കാനും ഹൃദയ മുറിവുകൾ ഭേദമാക്കുവാനും പര്യാപ്തമാണ്. ഇക്കാര്യം സഭാ നേതൃത്വം വിസ്മരിച്ചു പോയോ?

പ്രിയ സഹോദരങ്ങളെ, ഇതല്ലെ നമുക്കു ചുറ്റും കാണുന്നത്. പുതിയ നിയമം ശാസിക്കുന്നതെന്തോ അതിനു വിപരീതമായതല്ലേ പ്രവർത്തിക്കുന്നത്. ഈ വല്ലാത്ത പരിതസ്ഥിതിയിൽ പ്രാർത്ഥനാ പൂർവ്വം ഓരോ പാദവും വയ്ക്കുവാൻ, തിരുഹിതാനുസരണം ജീവിക്കുവാൻ, ദൈവനാമം മഹത്വപ്പെടുവാൻ നമുക്ക് ശ്രമിക്കാം. സഭയിൽ ആദർശം പാലിക്കാൻ സാദ്ധ്യമല്ലാ എങ്കിൽ പിന്നെ ഏതു രംഗത്താണ് അതിനു സ്ഥാനം. ആദർശപരമായി പുരോഗമിക്കാൻ ശ്രമിക്കാത്ത സഭ നാശത്തിലേക്കല്ലേ പ്രയാണം ചെയ്യുന്നത്. ഈ സഭയിലേക്ക് ആരെയെങ്കിലും ആകർഷിക്കുവാൻ നമുക്ക് സാധിക്കുമോ. ഈ സഭയിൽനിന്ന് പല ഘട്ടങ്ങളായി സഭ വിട്ടുപോയവരുടെ സംഖ്യ എത്രയോ വലുതാണ്. "ആരാധന തികഞ്ഞ ഭ്രാന്തും ദൈവവും വേദപുസ്തകത്തിലെ സംഭവങ്ങളും വെറും കെട്ടുകഥകളാണ്' "എന്നും പറഞ്ഞ് സത്യവിശ്വാസത്തിനെതിരായ വെല്ലുവിളികൾ മുഴക്കുന്നു. ഇങ്ങനെ കാര്യങ്ങൾ നീങ്ങുമ്പോൾ വഷളത്തത്തിലേക്കു സഭകൾ കുതിച്ചു പായുമ്പോൾ ചിന്തിക്കുന്നവരായ വിശ്വാസികളെ, യുവവീരന്മാരേ നിങ്ങൾ ഇന്നു മൗനമായിരിക്കുകയാണ്. ഉണർന്നു സംഘടിക്കുവിൻ. എസ്ഥേറിനോട് മോർദേഖായി പറഞ്ഞയച്ചത് ഇന്ന് നിങ്ങളോടുള്ള ആഹ്വാനമാണ്. 'നീ ഈ സമയത്തു മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തുനിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാക്കും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചു പോകും (എസ്ഥേർ 4:14) എഴുന്നേൽക്കുക അര മുറുക്കുക നിങ്ങളെത്തന്നെ ശുദ്ധീകരിച്ച് ശക്തിപ്പെടുത്തുക. സംഹാരകൻ സഭക്കെതിരെ കയറിവരുന്നു. വിശ്വാസത്തിന്റെ കോട്ട കാത്തുകൊൾക, വഴി സൂക്ഷിച്ചു നോക്കുക, അരമുറുക്കുക നിന്നെതന്നെ നല്ലവണ്ണം ശക്തീകരിക്കുക. (നാഹും.2:1) പരിശുദ്ധ സഭയെ ഇനിയും ഭിന്നിപ്പിച്ചു രണ്ടാക്കി തീർക്കാൻ ശ്രമിക്കുന്നത് പാതകമാണ്. അത് ക്രിസ്തീയമല്ല. കേവലം ലൗകീകം പോലുമല്ല എന്നുള്ളതു സ്പഷ്ടമാണ്. അതുകൊണ്ട് ഒന്നിച്ചുനിന്ന് സുവിശേഷത്തിനുവേണ്ടി പോരാടാം. നമ്മുടെ മണവാളനായ ക്രിസ്തു സഭയെ എടുത്തുകൊള്ളപ്പെടുവാൻ വേഗം വരും. അവന്റെ എതിരേല്പിനായി നമുക്ക് കറയും ചുളുക്കവും മാലിന്യവും ഇല്ലാത്ത മണവാട്ടി സഭയായി രൂപാന്തരപ്പെടാം.

ദൈവം അനുഗ്രഹിക്കട്ടെ

**എന്ന് നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



നവവത്സരത്തിലേക്കു സ്വാഗതം. അനുഗ്രഹ സമ്പൂർണ്ണവും, ഐശ്വര്യ സമൃദ്ധവും, സമാധാന ദായകവുമായ ഒരു പുതുവത്സരം ഏവർക്കും നേർന്നുകൊള്ളുന്നു.

ജ്യേഷ്ഠ സഹോദരനെ കബളിപ്പിച്ച് പിതാവായ യിസ്സഹാക്കിൽനിന്നും അനുഗ്രഹങ്ങളെ ആർജ്ജിച്ചു, മാതൃ സഹോദരനായ ലാബാന്റെ ഭവനത്തിലേക്കു യാത്രയായ യാക്കോബ്, ലൂസ്സെന്ന പട്ടണത്തിൽ രാപാർത്തു. രാത്രിയിൽ ദൈവത്തെ ദർശിച്ചു. സ്വർഗ്ഗത്തോളമെത്തുന്ന ഗോവണിയുടെ മുകളിൽനിന്നുകൊണ്ടു യാക്കോബിന്റെ പിതാക്കന്മാരായ അബ്രഹാമിന്റെയും യിസ്സഹാക്കിന്റെയും യാഹെന്ന ദൈവം യാക്കോബിനെ അനുഗ്രഹിച്ചു. യാക്കോബ് ഉറക്കമുണർന്നു. താനുറങ്ങുന്ന സ്ഥലം ദേവാലയമെന്നവൻ തിരിച്ചറിഞ്ഞു. തലവണയായി വച്ചിരുന്ന കല്ല് തൂണായി നിർത്തി അതിന്മേൽ എണ്ണ ഒഴിച്ചു. (ഉല്പ. 20:23) ലൂസ്സെന്ന ആ സ്ഥലത്തിന് ദേവാലയം എന്നർത്ഥമുള്ള ബഥേൽ എന്നു പേർ വിളിച്ചു. ദൈവമേ നീ എന്നോടുകൂടെ ഇരിക്കയും, ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും തരികയും എന്റെ അപ്പന്റെ വീട്ടിലേക്കു സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്താൽ തൂണായി നിർത്തിയ ഈ കല്ലു ദേവാലയമാക്കി രൂപാന്തരപ്പെടുത്താം. ദൈവമേ നീ തരുന്ന സകലത്തിനും ദശാംശം തന്നുകൊള്ളാം എന്നു നേർച്ചയും നേർന്നു (ഉല്പ.28:20–22) ദൈവാനുഗ്രഹം വാങ്ങിക്കൊണ്ടു അദ്ദേഹം ലാബാന്റെ ഭവനത്തിൽ ചെന്നു. സംഭവിച്ച കാര്യങ്ങളൊക്കെ ഉല്പ.28–31 അദ്ധ്യായങ്ങളിൽ വിവരിക്കുന്നു.

ലാബാന്റെ ആട്ടിൻ കൂട്ടത്തിനുവേണ്ടി ഏഴു വർഷം, മൂത്ത പുത്രിയായ ലേയക്കുവേണ്ടി ഏഴുവർഷം, താൻ ഏറ്റവും സ്നേഹിച്ച ലാബാന്റെ ഇളയ പുത്രി റാഹേലിനു വേണ്ടി ഏഴുവർഷം; ഇങ്ങനെ 21 വർഷം യാക്കോബ് തന്റെ മാതുലനായ ലാബാനെ സേവിച്ചു. ഇരുപത്തിഒന്നാം വർഷമാണ് തന്റെ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുന്നത്. ഈ കാലമത്രയും യാക്കോബ് ലാബാനും കുടുംബത്തിനും വേണ്ടിയാണ് പ്രവർത്തിച്ചത്.

ദൈവം തിരഞ്ഞെടുത്ത അബ്രഹാമിന്റെ കൊച്ചുമകനായ യാക്കോബിന്റെ സാന്നിദ്ധ്യം ലാബാനെ ധനവാനാക്കി. യാക്കോബ് ലാബാനോടു ചോദിക്കുന്ന ചോദ്യം കാലിക പ്രസക്തിയുള്ളതാണ്. ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും (ഉല്പ.30:30).

കഴിഞ്ഞകാല ജീവിതത്തിലേക്കു തിരിഞ്ഞു നോക്കാനുള്ള അവസരമാണിത്. സ്വന്ത ഭവനത്തിനുവേണ്ടി നാം ഓരോരുത്തരും എന്തുനേടി? നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാണ് (ഫിലി 3:20) നാം ഈ ഭൂമിയിൽ അന്യരും പരദേശികളുമാണ്, ലാബാന്റെ ഭവനത്തിൽ ജീവിതം അവസാനിപ്പിക്കേണ്ടിയവരല്ല നമ്മൾ. സ്വർഗ്ഗ രാജ്യത്തിലെ അപ്പന്റെ ഭവനത്തിലേക്കു മടങ്ങേണ്ടവരാണ് എന്നോർമ്മ വേണം. വന്ന വഴി മറക്കരുത്. വഴിയിൽ ദൈവത്തെ കണ്ടുമുട്ടിയതും, ഉയരങ്ങളിൽനിന്നും നിന്നെ കൈ നീട്ടി അനുഗ്രഹിച്ചതും മറക്കരുത്. നിന്റെ ദൈവത്തിനു നീ കൊടുത്ത വാക്കു മറക്കരുത്. നമ്മുടെ ജീവിതാവശ്യങ്ങൾ ഒക്കെ നിവർത്തിച്ച് ആയിരിക്കുന്ന സ്ഥാനങ്ങളിൽ ക്ഷേമത്തോടെ കാത്ത് അപ്പന്റെ ഭവനത്തിലേക്കു സമാധാനത്തോടെ മടക്കി അയച്ചാൽ, ആദ്യ ദിവസം അന്തി ഉറങ്ങിയ ബഥേലിൽ ദൈവാലയം പണിയാമെന്നും ദൈവം നല്കുന്ന സകലത്തിലും ദശാംശം തന്നുകൊള്ളണമെന്ന നേർച്ച നിവർത്തിപ്പാൻ കടപ്പെട്ടവരാണ് നാം. ദശാംശം ദേവാലയത്തിനുള്ളതാണ്. നമുക്ക് വ്യക്തിപരമായി കൈകാര്യം ചെയ്യാനുള്ളതല്ല.

ഈ പുതുവർഷാരംഭത്തിൽ നമുക്കു സ്വയശോധന നടത്താം. എന്തു കുറവുണ്ടെങ്കിലും സദയം ക്ഷമിക്കുന്ന പിതാവാണു നമുക്കുള്ളത്. അധൈര്യപ്പെടേണ്ട. കരുണയുള്ള പിതാവിന്റെ സന്നിധിയിലേക്കു നമുക്ക് അടുത്തു വരാം. നിത്യ ഭവനത്തിനുവേണ്ടി കരുതിത്തുടങ്ങാം.

നമ്മുടെ കർത്താവും രക്ഷിതാവുമായവന്റെ കൃപ എന്നും നമ്മോടുകൂടെ ഇരിക്കുമാറാകട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ്പ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**




ബാർ ഈത്തോ ബ്രീറോ
ഡോ. ഡി. ബാബുപോൾ
ഐ.എ.എസ്.


**നവകേരള നിർമ്മാണം ചെറിയ സംഗതി അല്ല. എന്നാൽ നാം ഓർക്കേണ്ട പ്രധാന കാര്യം ഈ നിർമ്മാണ പ്രക്രിയയെ ഒരു അവസരമാക്കി മാറ്റുന്നതിലാണ് നാം മികവ് തെളിയിക്കേണ്ടത് എന്നത്രെ. പോയത് അതുപോലെ തിരികെ വച്ചുകെട്ടുകയല്ല വേണ്ടത്. പോയത് ഒരു ഓലക്കുടിലാണെങ്കിൽ ഇനി നാം പണിയേണ്ടത് അടച്ചുറപ്പുള്ള ഒരു വീടാണ്.**

# പ്രളയാനന്തര കേരളത്തിൽ വിദ്വേഷം വേണ്ട




കേരളം പിറന്നിട്ട് ഇത് ഏഴാം പതിറ്റാണ്ട്. പരശുരാമൻ സൃഷ്ടിച്ച കേരളത്തിൽ നിന്ന് 1956ലെ കേരളം എത്ര വ്യത്യസ്തമായിരുന്നുവോ അത്ര വ്യത്യസ്തമാണ് ഇന്നത്തെ കേരളം. അന്നത്തേതിൽ നിന്ന് ഭൗതിക പുരോഗതിയാണ് നഗ്നനേത്രങ്ങൾക്ക് ദൃശ്യമാക്കുന്നതെങ്കിലും സാമൂഹിക പുരോഗതിയാണ് ആ ഭൗതിക പുരോഗതിക്ക് അർത്ഥവും മാനവികമാനവും നൽകുന്നത്. ഈ സാമൂഹിക പുരോഗതിയുടെ ആഖ്യാനത്തിൽ ഏറ്റവും മുകളിൽ കാണുന്ന അടര് കമ്യൂണിസത്തിന്റെയും ഭൂപരിഷ്കരണ നിയമത്തിന്റെയും സൃഷ്ടിയാണ്. എന്നാൽ അതിന് താഴെ അഞ്ച് ശതാബ്ദങ്ങളുടെ കഥ പറയുന്ന അടരുകളുണ്ട്. അതായത് നമ്മുടെ നവോത്ഥാന ചരിത്രത്തിന് അത്ര ദൈർഘ്യം ഉണ്ട്. അതാണ് പാഠം ഒന്ന്.

പോർച്ചുഗീസുകാർ ഇവിടെ പിച്ചവച്ചത് പതിനാറാം നൂറ്റാണ്ടിൽ ആണല്ലോ. അവർ വന്നത് വ്യാപാരത്തിനാണെങ്കിലും അവരുടെ തണലിൽ മതപ്രചാരകരും എത്തി. സമുദ്രതീരം ആയിരുന്നു അവരുടെ വിളഭൂമി. എന്നാൽ അവർ ശ്രദ്ധിച്ച ഒരു സംഗതി അവർക്ക് മുമ്പ് തന്നെ ക്രിസ്ത്യാനികൾ എന്ന് "അവകാശപ്പെട്ട" ഒരു ജനസമൂഹം ഇവിടെ ഉണ്ടായിരുന്നു എന്നതാണ്. അവർ എത്തുന്നതിന് പത്തുമുന്നൂറ് കൊല്ലം മുമ്പ് ചൈനയിലേക്കുള്ള യാത്രാമദ്ധ്യേ അവരുടെ നാട്ടുകാർ കാണുകയും കീഴ്പ്പെടുത്താൻ മോഹിക്കുകയും ചെയ്ത ആ സമൂഹത്തെ വരുതിയിലാക്കുവാൻ അവർ നിശ്ചയിച്ചു.

മെനെസിസ് എന്ന മെത്രാൻ ആയിരുന്നു അവരുടെ നേതാവ്. കേരള ക്രൈസ്തവ സമൂഹത്തിന്റെ ചരിത്രം മെനെസിസിന് മുൻപും പിൻപും എന്നാണ് വിഭജിക്കേണ്ടത്. അത്ര പ്രഗത്ഭനായിരുന്നു ഞാനുൾപ്പെടുന്ന "സുറിയാനി" ക്രിസ്ത്യാനികൾ മഹാവില്ലനായി അടയാളപ്പെടുത്താറുള്ള ആ സായിപ്പ്. എന്നാൽ അദ്ദേഹത്തെ ആണ് കേരള സമൂഹത്തിന്റെ നവോത്ഥാനപിതാവായി കാണേണ്ടത്. എന്തുകൊണ്ടെന്നാൽ ഇവിടെ ഉണ്ടായിരുന്ന നാട്ടുക്രിസ്ത്യാനികളെ വരുതിയിൽ കൊണ്ടുവരാൻ മെനെസിസ് വിളിച്ചു ചേർത്ത ഉദയമ്പേരൂർ സുന്നഹദോസിലാണ് സാമൂഹികമായ ഉച്ചനീചത്വത്തിനെതിരായ ആദ്യത്തെ പടഹധ്വനി ഉയർന്നത്. 1599ൽ ആ സമ്മേളനം അതിന്റെ ഏഴാമത് കൂടിവിചാരത്തിൽ (സെഷൻ) ഇങ്ങനെ പ്രഖ്യാപിച്ചു: "തമ്പുരാന്റെ തിരുമുമ്പിൽ നല്ല കൊലം എന്നും തണ്യകൊലം എന്നും അച്ചനും ചെറുക്കനും എന്നും എളിയവനും പെരിയവനും എന്നും ഇല്ല". (ഉദയമ്പേരൂർ സുന്നഹദോസ്, ഏഴാം കൂടിവിചാരം, രണ്ടാം കാനോനാ)

കേരളത്തിലെ 'സവർണ്ണ' ക്രൈസ്തവരെ ഹിന്ദുസമൂഹത്തിൽ നിന്ന് വ്യതിരിക്തമാക്കുക എന്നതായിരുന്നു സായിപ്പിന്റെ ലക്ഷ്യം. എങ്കിലും മാനുഷരെല്ലാരുമൊന്നുപോലെ എന്ന ആശയം ഈ നാട്ടിൽ ആദ്യം ഉയർന്നു കേട്ടത് ഉദയമ്പേരൂരിൽ ആയിരുന്നു.

അടുത്ത ഘട്ടം അടയാളപ്പെടുത്തുന്നത് 1653ലെ കൂനൻകുരിശ് സത്യം ആണ്. പാശ്ചാത്യമേൽക്കോയ്മക്കെതിരെ ഭാരതഭൂമിയിൽ ആദ്യം ഉയർന്ന വിമോചന കാഹളം ആയിരുന്നു അത്. ഏകശിലാഭവനത്തിൽ പതിനാറ് നൂറ്റാണ്ട് പിന്നിട്ട സമൂഹം പിൽക്കാലത്ത് ലത്തീൻ എന്നും സുറിയാനി എന്നും അടയാളപ്പെടുത്തപ്പെട്ട രണ്ട് വിഭാഗങ്ങളായി മാറിയത് അതിനുശേഷം ആണ്. ക്ലൈവിന്റെ കാലത്ത് ബംഗാളിൽ എന്നതുപോലെ സായിപ്പിനൊപ്പം ചേരാൻ ആളുകൾ ഉണ്ടായതിനാലാണ് അത് സംഭവിച്ചത് എന്ന് പറയാമെങ്കിലും നാട്ടുക്രിസ്ത്യാനികളുടെ വർണ്ണബോധം അന്നല്ലെങ്കിൽ പിന്നെ തല ഉയർത്തി പുതിയ വിഭജനം സൃഷ്ടിക്കുമായിരുന്നു എന്ന് കാണാൻ ഇന്ന് വിഷമമില്ല.

ഏതായാലും സമത്വം, സ്വാതന്ത്ര്യം എന്നീ നവോത്ഥാന മൂല്യങ്ങൾ അങ്ങനെ കേരളീയ സമൂഹത്തിൽ സാന്നിധ്യം അറിയിച്ചു. അത് സംഖ്യാബലം കുറഞ്ഞ ക്രൈസ്തവർക്കിടയിൽ മാത്രം നടന്നതല്ലെ, എന്ന് ചോദിക്കാം ശരിയാണ്. മതബഹുല സമൂഹങ്ങളിൽ അങ്ങനെയാണ് സംഭവിക്കുക.

യൂറോപ്പിൽ നവോത്ഥാനം ഉണ്ടായ കാലത്ത് ക്രിസ്തുമതം മാത്രമാണ് ഉണ്ടായിരുന്നത് എന്നതിനാലാണ് ഇത്തരം നാമ്പുകൾ ആദ്യം ദൃശ്യമാവുക. ശ്രീനാരായണൻ സ്വന്തം സമുദായത്തിലാണ് തന്റെ 'സുവിശേഷ പ്രവർത്തനം' തുടങ്ങിയത്. ഗുരുദേവൻ തനിക്ക് ജാതിയില്ല എന്ന് പ്രഖ്യാപിച്ചിട്ടും ഈഴവ സമുദായം അദ്ദേഹത്തെ പൊതുജനത്തിന് വിട്ടുകൊടുക്കാൻ മടി കാണിക്കുന്നതും മറ്റൊന്നല്ല തെളിയിക്കുന്നത്.

ഉദയമ്പേരൂർ സുന്നഹദോസ്, കൂനൻകുരിശു സത്യം എന്നീ രണ്ട് നാഴികക്കല്ലുകൾ നാട്ടപ്പെട്ടതിന് സമാന്തരമായി സാംസ്കാരിക രംഗത്ത് ഉണ്ടായ നവോത്ഥാനത്തിന്റെ അടയാളമാണ് അർണോസ്പാതിരിയിൽ തുടങ്ങുന്നത്. എഴുത്തച്ചനെ ഭാഷാപിതാവായി അംഗീകരിക്കുന്നതാണ് ആർജ്ജിത വിജ്ഞാനം. ആ കടന്നൽകൂട് അവിടെ നിൽക്കട്ടെ. ഭാഷാപിതാവിനോടൊപ്പം ഒരു കോ-പൈലറ്റ് ആയി എങ്കിലും അംഗീകരിക്കപ്പെടേണ്ടയാളാണ് അർണോസ് പാതിരി (1683–1732). പിറകെ വന്ന ബഞ്ചമിൻ ബെയ്‌ലി (1791–1871) രൂപപ്പെടുത്തിയ അക്ഷരങ്ങളിലാണ് ഞാൻ ഇത് കുറിക്കുന്നതും നിങ്ങൾ ഇത് വായിക്കുന്നതും ബെയ്‌ലിക്ക് മുമ്പ് നമ്മുടെ അക്ഷരങ്ങൾ ചതുരത്തിൽ ആയിരുന്നു.

ഇപ്പറഞ്ഞ ആശയങ്ങളും സാംസ്കാരികോപാധികളും ജനസാമാന്യത്തിൽ എത്തണമെങ്കിൽ വിദ്യാഭ്യാസം വേണം. അക്ഷരം അറിയുന്നതിന് അവർണ്ണർക്കല്ല, ശുദ്രനുപോലും അനുവാദം ഇല്ലാതിരുന്ന കാലത്ത് എല്ലാ സമുദായങ്ങളെയും മുന്നിൽ കണ്ട് പള്ളിക്കൂടം തുടങ്ങിയവരാണ് നമ്മുടെ നവോത്ഥാനത്തിന്റെ കർമ്മികളായി ഭവിച്ച ശില്പികൾ. ഒന്നാമത്തെ പേര് റിംഗിൽടോബോ. ദക്ഷിണതിരുവിതാംകൂറിലെ മൈലാടിയിൽ പള്ളിക്കൂടം തുറന്നയാൾ കോട്ടയത്ത് 1816–ൽ സി.എം.എസ് കോളേജിന് തുടക്കമായി. ഇരുപതാം നൂറ്റാണ്ടിൽ എസ്.എൻ.ഡി.പി.യും പിറകെ എൻ.എസ്.എസും വിദ്യാഭ്യാസ രംഗത്ത് വന്നു. തുടക്കത്തിൽ പ്രൊട്ടസ്റ്റന്റുകാരുടെ ഭാഷയായ ഇംഗ്ലീഷ് പഠിക്കുന്നത് റോമൻ കത്തോലിക്കൻ പ്രോത്സാഹിപ്പിച്ചിരുന്നില്ലെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ അവരും സജീവമായി രംഗത്തുവന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് തെക്കൻ തിരുവിതാംകൂറിലെ ഈഴവ/ചാന്നാർ സ്ത്രീകൾ മാറ് മറച്ച് തുടങ്ങിയത്. ക്രിസ്തുമതം സ്വീകരിച്ച ചാന്നാർ സ്ത്രീകൾ അനാവൃതസ്തനികളായി നടക്കുന്നത് മദാമ്മമാർ ഇഷ്ടപ്പെട്ടില്ല. അവിടെയാണ് മാറ് മറയ്ക്കൽ പരിപാടിയുടെ തുടക്കം. വിശദാംശങ്ങൾ പ്രസക്തമല്ല. താല്പര്യം ഉള്ളവർക്ക് സി. കേശവന്റെ 'ജീവിതസമരം', എം.കെ. കുമാരന്റെ 'കുമാര നാശാനും സഹോദരനയ്യപ്പനും' തുടങ്ങിയ കൃതികൾ വായിക്കാവുന്നതാണ്.

ഈ കഥയൊക്കെ ഇപ്പോൾ ഓർക്കാൻ കാരണം നവോത്ഥാനത്തിന്റെ ജാതി തിരിച്ചുള്ള ചില അവകാശവാദങ്ങൾ പത്രത്തിൽ കണ്ടതുകൊണ്ടാണ്. 2018ലെ വെള്ളപ്പൊക്കം നമ്മുടെ നാട്ടിൽ സ്ഥാപിച്ചെടുത്ത സാമുദായിക ഐക്യം നശിപ്പിക്കാനുള്ള പരിശ്രമങ്ങൾ മുളയിൽ തന്നെ നുള്ളേണ്ടത് നമ്മുടെ പുനർനിർമ്മാണപരിശ്രമങ്ങളുടെ വിജയത്തിന് അനുപേക്ഷണീയമാണ്.

പ്രളയത്തിൽ എന്താണ് സംഭവിച്ചത്? 14 ലക്ഷം ജനങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവന്നു. 67 ലക്ഷം പേർക്ക് കുഴലിലൂടെ വരുന്ന കുടിവെള്ളം കിട്ടാതായി. മൂന്നു ലക്ഷത്തിലധികം കിണറുകൾ ഉപയോഗശൂന്യമായി. ഒരു ലക്ഷത്തോളം കക്കൂസുകൾ നശിച്ചത് 4 ലക്ഷം ജനങ്ങളെ ബാധിച്ചു. 2 ലക്ഷം കെട്ടിടങ്ങളെ പ്രളയം ബാധിച്ചു. പകർച്ച വ്യാധികൾ പടർന്നില്ലെങ്കിലും അഞ്ഞൂറോളം ആരോഗ്യസ്ഥാപനങ്ങൾ പ്രയോജനരഹിതമായി. ഒരു കോടിയോളം അസംഘടിത തൊഴിലാളികളെയും ഇതിൽ നാലിലൊന്ന് മറുനാടൻ തൊഴിലാളികൾ -പ്രളയം ദുരിതത്തിലാഴ്ത്തി. ഇതിന് പുറമെയാണ് സമ്പദ്‌വ്യവസ്ഥയെ മൊത്തത്തിൽ ബാധിക്കുന്ന മൈക്രോ ഇക്കണോമിക് ഘടകങ്ങൾ.

അതായത് നവകേരള നിർമ്മാണം ചെറിയ സംഗതി അല്ല. എന്നാൽ നാം ഓർക്കേണ്ട പ്രധാന കാര്യം ഈ നിർമ്മാണ പ്രക്രിയയെ ഒരു അവസരമാക്കി മാറ്റുന്നതിലാണ് നാം മികവ് തെളിയിക്കേണ്ടത് എന്നത്രെ. പോയത് അതുപോലെ തിരികെ വച്ചുകെട്ടുകയല്ല വേണ്ടത്. പോയത് ഒരു ഓലക്കുടിലാണെങ്കിൽ ഇനി നാം പണിയേണ്ടത് അടച്ചുറപ്പുള്ള ഒരു വീടാണ്.

സർക്കാർ ഇതിനകം രൂപപ്പെടുത്തിയ പ്രാഥമിക ചിത്രത്തിൽ കാണുന്ന നാല് സംഗതികൾ ശ്രദ്ധിക്കണം. ജലവിഭവ വിനിയോഗം, ഭൂവിനിയോഗമാതൃകകൾ, ജനോന്മുഖ പരിപ്രേക്ഷ്യങ്ങൾ, വിജ്ഞാനവും വിവരസാങ്കേതിക വിദ്യയും. ഇവ ഒരോന്നിനെയും കുറിച്ച് വിശദീകരിക്കാൻ തുനിയുന്നില്ല.

സർക്കാരിന്റെ ഈ പരിപാടികളുമായി രാഷ്ട്രീയത്തിന് അതീതമായി സഹകരിക്കാൻ നമുക്ക് കഴിയണം. അതിനിടെ രാഷ്ട്രീയവും വർഗ്ഗീയതയും സഹിക്കുകയും വേണം. ●


**വസ്തു വില്പനക്ക്**

ചിങ്ങവനം സായിപ്പു കവലക്കും പരുത്തുംപാറക്കും ഇടയിൽ മെയിൻ റോഡിൽനിന്നും 500 മീറ്റർ ഉള്ളിൽ മൂന്നു വശത്തും ചുറ്റു മതിൽ ഉള്ളതും Frontലും Back ലും റോഡ് സൗകര്യമുള്ളതുമായ 10 സെന്റ് വീടുവയ്ക്കാൻ പറ്റിയ സമചതുര വസ്തു വില്പനയ്ക്ക്

**Contact. 7 am to 9am**
**0481 2342807, 9288190298**



ഡോ. സുനിൽ ഡി. കുരുവിള

# അധ്യാപനം ഉയരട്ടെ രാജ്യനിർമ്മിതിയിലേക്ക്

ഒരു സമൂഹത്തിൽ ഏറ്റവും ഉത്സാഹത്തോടും വിശ്വാസത്തോടും കരുത്തോടും കൂടി പ്രവർത്തിക്കേണ്ടവരാണ് അദ്ധ്യാപകർ. അവരുടെ ഉയർച്ചയോളമേ ഒരു സമൂഹം ഉയരുകയുള്ളു. അവരെ ഉയർത്തി നിർത്തേണ്ടത് ഒരു സമൂഹത്തിന്റെ കടമയും ഉയർന്നു പ്രവർത്തിക്കേണ്ടത് അദ്ധ്യാപകരുടെ ഉത്തരവാദിത്വവുമാണ്. ഒരു തൊഴിലിനപ്പുറത്തേക്ക് അദ്ധ്യാപനം ഒരു ദൗത്യമായി ഏറ്റെടുത്തിട്ടുള്ള എത്ര പേർ ഇന്ന് സമൂഹത്തിലുണ്ട്? ഒരു സമൂഹത്തിലെ അദ്ധ്യാപകരെ കരുതുകയും, വളർത്തുകയും ഉയർത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത എത്ര കണ്ട് സർക്കാരും വിദ്യാഭ്യാസ നേതാക്കന്മാർ എന്ന് സ്വയം കരുതുന്നവരും തിരിച്ചറിയുന്നുണ്ട്. സമൂഹത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ചരിത്രബോധമില്ല. സാമൂഹികബോധമില്ല എന്നൊക്കെ നിലവിളിച്ചിട്ട് കാര്യമുണ്ടോ?

സമൂഹത്തിലെ വിഷയങ്ങളെ വെല്ലുവിളികളെ സാധ്യതകളെ പാഠപുസ്തകത്തോടും സിലബസ്സിനോടും ചേർത്തുവെക്കാൻ ഉന്നതനായ ഒരു അദ്ധ്യാപകനെ സാധിക്കുകയുള്ളു. സമൂഹത്തിലെ കുറവുകളെ ഒരു പരിധിവരെ നമ്മുടെ മുൻപിലിരിക്കുന്ന കുട്ടികളുടെ ശക്തീകരണത്തിലൂടെ പരിഹരിക്കാൻ വിദ്യാഭ്യാസത്തിനു കഴിയണം. ചിന്തിക്കാനും, ചർച്ച ചെയ്യാനും ആശയങ്ങൾ രൂപീകരിക്കാനും പരിഹാരങ്ങൾ കാണാനും തീരുമാനങ്ങൾ എടുക്കാനും ഒക്കെ തലമുറയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇത്തരുണത്തിലേക്ക് യുവതലമുറയ്ക്കു പ്രേരണ നൽകണമെങ്കിൽ ഉയർന്ന മൂല്യബോധത്തിലേക്കും, സാമൂഹിക കാഴ്ചപ്പാടിലേക്കും അവരെ നയിക്കേണ്ടതുണ്ട്.

ഒരു കാലത്ത് ചരിത്ര, ഭാഷാ, അദ്ധ്യാപകർ ഉയർന്ന വ്യക്തിത്വങ്ങളെയും, കഥാപാത്രങ്ങളെയും കുട്ടികൾക്ക് പരിചയപ്പെടുത്തുകയും അവരിൽ വലിയ പൗരപ്രേരണ സൃഷ്ടിക്കുകയും ചെയ്തിരുന്നു. മറ്റു ചില അദ്ധ്യാപകർ ആനുകാലിക സംഭവങ്ങളെ ക്ലാസുമുറികളിൽ ചർച്ചയാക്കുകയും,ആശയസമന്വയം നടത്തുകയും കുട്ടികളുടെ കാഴ്ചപ്പാട് അതിലൂടെ ഉയർത്തുകയും ചെയ്തിരുന്നു.

പാഠപുസ്തകത്തിൽ നിന്ന് ചുറ്റുപാടിലേക്കും, സാമൂഹിക കാഴ്ചപ്പാടിലേക്കും വിദ്യാഭ്യാസം സഞ്ചരിക്കേണ്ടതുണ്ട്. സമൃദ്ധമായ ഒരു രാഷ്ട്ര സൃഷ്ടിക്ക് അത് അനിവാര്യമാണ്.

"അർത്ഥവും ആഴവും ഉള്ളതാകട്ടെ വിദ്യാഭ്യാസം. സാമൂഹിക വെല്ലുവിളികൾക്കും അപചയങ്ങൾക്കും എതിരെയുള്ള പ്രതിരോധമാകട്ടെ വിദ്യാഭ്യാസം. നല്ല മനുഷ്യനും ഉയർന്നു ചിന്തിക്കുന്ന പൗരനും ഇതാകട്ടെ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം".

സമൂഹത്തെ ബാധിക്കുന്ന വിഷയങ്ങൾ തൊടാതെ, അല്ലെങ്കിൽ അവയോട് പ്രതികരിക്കാതെ, അഭിപ്രായങ്ങൾ പ്രകടിപ്പിക്കാതെ അദ്ധ്യാപനം നടത്താൻ നമുക്ക് സാധിക്കും. അതാണ് ഭൂരിപക്ഷവും ചെയ്യുന്നതും. അവിടെ അദ്ധ്യാപകർ വെറും 'ട്യൂഷൻ ടീച്ചർ' മാത്രമായി ചുരുങ്ങുകയാണ് ചെയ്യുന്നത്.

"To be successful in life what is Education, not literacy and Degrees"- Premchand, one ofthe great teachers of India.

കുട്ടികളെ സിലബസ്സ് പഠിപ്പിച്ച് വിജയിപ്പിക്കുക എന്ന



'ശരാശരി' പരിപാടികൊണ്ട് ഒരു അദ്ധ്യാപകന് തന്റെ ഉള്ളിലെ 'തൊഴിലാളിയെ' തൃപ്തിപ്പെടുത്താൻ സാധിച്ചേക്കും. എന്നാൽ വിദ്യാഭ്യാസം വിദ്യാർത്ഥികളെ രൂപാന്തരപ്പെടുത്താനും ജീവിതത്തിനുവേണ്ടി ഉയർത്താനുമുള്ള വലിയ സാംസ്കാരിക പ്രവർത്തനമാണ് എന്ന് നമ്മൾ തിരിച്ചറിയണം. ശരിയാണ്, അതിനുള്ള സമയവും സൗകര്യവും പ്രോത്സാഹനവും 'ഇടവും' ഇന്നത്തെ വിദ്യാഭ്യാസത്തിൽ എവിടെയാണെന്നുള്ളതും വലിയ വിഷയമാണ്. ഉന്നതരായ അദ്ധ്യാപകർ അതിനുള്ള 'ഇടം'കണ്ടെത്തുക തന്നെ ചെയ്യും. അദ്ധ്യാപകർ വ്യക്തി ജീവിതത്തിലും, സാമൂഹിക ജീവിതത്തിലും തൊഴിൽ രംഗത്തും ഉന്നത മൂല്യങ്ങൾ സംരക്ഷിക്കുകയും ധാർമ്മികമായ നിലപാടുകൊണ്ട് വ്യത്യസ്തതയുള്ളവരായിരിക്കുകയും വേണം. ഇതുതന്നെയാണ് വിദ്യാർത്ഥികൾക്കു നൽകാൻ കഴിയുന്ന ഏറ്റവും വലിയ സ്വാധീനം.

സ്വയം പഠിച്ചുകൊണ്ടും, മാറിക്കൊണ്ടും മാത്രമേ നമുക്ക് വിദ്യാർത്ഥികളിൽ മാറ്റം സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ.

"If we create a culture where every teacher believes they need to improve, not because they are not good enough but because they can be even better, there is no limit to what we can achieve; how much we can influence".

വിദ്യാർത്ഥികളെ പഠിക്കാനും മനസ്സിലാക്കാനും അവരോട് സത്യമുള്ള ആത്മബന്ധം സൃഷ്ടിക്കാനും കഴിയണം. കുട്ടികളുടെ തലച്ചോറിലേക്കുള്ള വഴി അവന്റെ ഹൃദയത്തിലൂടെയാണെന്നുള്ളതാണ് സത്യം.

"No significant learning occurs without a significant relationship"- James Comer.

വിമർശനാത്മകതയോടെ കാര്യങ്ങളെ കാണാനും സമൂഹത്തെ ചിന്തിപ്പിക്കാനും ഒരു അദ്ധ്യാപകനു കഴിയണം. കുട്ടികളിൽ Critical Thinking, Societal concern, understanding, change, attitude ഒക്കെ സൃഷ്ടിക്കുന്നത് ഇത്തരം അദ്ധ്യാപകരാണ്. ചോദ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാവണം നമ്മുടെ സമീപനം. ബുദ്ധിപരമായ ഔന്നത്യം അദ്ധ്യാപകൻ കാത്തു സൂക്ഷിക്കേണ്ടതുണ്ട്. ഒരുപാടു തെറ്റുകളും വ്യാജവാർത്തകളും കള്ളങ്ങളും പ്രചരിക്കുന്ന ഒരു കാലഘട്ടത്തിൽ തെറ്റു പലപ്പോഴും ശരിയേക്കാളും ഭംഗിയായും, തൻമയത്വത്തോടെയും അവതരിപ്പിക്കപ്പെടുന്ന ഒരു സമൂഹത്തിൽ അദ്ധ്യാപകൻ intellectual ആയി ഉയർന്നു നിൽക്കേണ്ടതുണ്ട്. പഠിതാക്കളെ ശരി തിരിച്ചറിയാൻ ശക്തീകരിക്കേണ്ടതുണ്ട്. ജ്ഞാനം നൽകുന്ന ധൈര്യം അവർ തിരിച്ചറിയേണ്ടതുണ്ട്.

"Education must enable one to sift and weigh evidence, to discern the truth from the false, the unreal and the fact from fiction".

അസമത്വത്തിനും, അനാചാരങ്ങൾക്കും, അനീതിക്കും, അഴിമതിക്കും ഒക്കെ എതിരായി എഴുന്നേറ്റു നിൽക്കാനും ശബ്ദമുയർത്താനും കഴിവുള്ള ഒരു പറ്റം നല്ല മനുഷ്യരെ രൂപപ്പെടുത്താൻ വിദ്യാഭ്യാസത്തിനു കഴിഞ്ഞില്ലെങ്കിൽ വലിയ ഇരുട്ടിലേക്കാവും നമ്മുടെ യാത്ര.

"If is the responsibility of intellectual to speak truth and expose lies" Noam Chomsky.

ഉയർന്നു നിൽക്കുന്ന അദ്ധ്യാപകരെ ബഹുമാനിക്കാനും, പ്രോത്സാഹിപ്പിക്കാനും കരുതാനും സമൂഹമെന്ന നിലയിൽ നമുക്ക് കഴിയണം. പുതിയ തലമുറയിലെ അദ്ധ്യാപകരെ ഈ ദിശാബോധത്തിലേക്ക് നയിക്കാൻ പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമാണ്.

Henry Girous എന്ന വിദ്യാഭ്യാസ ചിന്തകൾ ഓർമ്മിപ്പിച്ചതുപോലെ ഫാക്ടറിക്കുവേണ്ട ഒരു വിഭവ സൃഷ്ടിയിൽ വിദ്യാഭ്യാസം ചുരുങ്ങി പോകരുത്. വിമർശനാത്മകമായി സമൂഹത്തിൽ വ്യാപരിക്കാനും പ്രതിബന്ധതയോടുകൂടി ഇടപെടാനും, അഭിപ്രായം പറയാനും ചെറുക്കേണ്ടത് ചെറുക്കാനും, പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് പ്രോത്സാഹിപ്പിക്കാനും കഴിവുള്ള ഒരു പൗരസൃഷ്ടിയും കൂടി വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യമാണെന്ന് നാം തിരിച്ചറിയണം.

തർക്കങ്ങളല്ല സംവാദങ്ങളാണ് വിദ്യാഭ്യാസമുള്ള ഒരു സമൂഹത്തിന്റെ ഭാവം. ആശയങ്ങളോടു അഭിപ്രായങ്ങളോടും ആരോഗ്യപരമായി പ്രതികരിക്കാൻ യുവതലമുറയ്ക്ക് കഴിയട്ടെ.

"True development and progress happen when you respond to challenges, opposition, criticism and resentment with resposibility and dignity.''

യുവതലമുറ വിദ്യാഭ്യാസത്തിലൂടെ വളരട്ടെ; വെറുതെ കണ്ട് നടന്നുപോയാൽ പോരാ. മത്സരാർത്ഥികളെയല്ലാ മറിച്ച് നല്ല സംഭാവനകൾ കൊടുക്കാൻ കഴിവുള്ള ഒരു തലമുറയെ നമുക്ക് സൃഷ്ടിക്കാം. അത്തരം 'സ്വ'ഭാവമുള്ള ഒരു തലമുറയെ സൃഷ്ടിക്കണമെങ്കിൽ ഉൾക്കാഴ്ചയോടെ, കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കാൻ കഴിയുന്ന ഒരു അദ്ധ്യാപക സമൂഹം അനിവാര്യമാണ്.

"Where the mind is without fear and the head held high; into that heaven of freedom, my father, let my country awake"- Tagore.

*(Sunil D Kuruvilla is an educator,*
*HR Trainer and career counseller.*
*He is the founder of Insight Mission, Mavelikara*
*Ph +91 9656144712, +91 984700712*
*E-mail:sunilKuruvilla@rediffil.com,*
*(www.insightmission.org)*

## മല്പാനോട് ചോദിക്കാം
## തൊഴിൽ വീഥി

**എന്നീ പുതിയ പംക്തികൾ ആരംഭിക്കുന്നു**

മല്പാനോട് ചോദിക്കാം വിശ്വാസപരമായ സംശയങ്ങൾക്ക് മറുപടി നൽകുന്നു.

തൊഴിൽ വീഥി, സമുദായ അംഗങ്ങളുടെ സ്ഥാപനങ്ങളിലും, അറിവിലും എന്തെങ്കിലും ജോലി സാധ്യതകൾ ഉണ്ടെങ്കിൽ അറിയിച്ചാൽ ക്നാനായ ദീപത്തിലെ തൊഴിൽ വീഥി എന്ന പംക്തിയിലൂടെ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കും.

വിലാസം
**മാനേജിംഗ് എഡിറ്റർ, ക്നാനായ ദീപം, ക്ലീമ്മീസ് സെന്റർ,**
**ചിങ്ങവനം പി.ഒ.,കോട്ടയം.**




ഫാ. റോയി മാത്യൂസ്, മുളമൂട്ടിൽ

# സഭ അനുഗ്രഹിക്കപ്പെടുന്നത് എങ്ങനെ?

തോട്ടം നനപ്പാൻ ഒരു നദി ഏദനിൽ നിന്നു പുറപ്പെട്ടു. അത് അവിടെനിന്നും നാലു ശാഖയായി പിരിഞ്ഞു (ഉല്പ. 2:10).

തോട്ടം കർത്താവിന്റെ സഭയേയും അതിലെ സസ്യാദികൾ വിശുദ്ധന്മാരേയും നദി പരിദ്ധാത്മാവിനേയും കാണിക്കുന്നതായി നമുക്ക് വ്യാഖ്യാനിക്കാം. സഭ ആത്മാവിനാൽ എപ്പോഴും നനഞ്ഞുകൊണ്ടിരിക്കണം. അതിന് ഒരു നദിയും നാലു ശാഖകളുമാണ്. ഈ നാലു ശാഖകൾ നാലു പ്രവൃത്തിയെ ആണ് വെളിപ്പെടുത്തുന്നത്. സഭ അനുഗ്രഹിക്കപ്പെടുന്നതിന് ഇതത്രെ ആവശ്യം.

1). **പീശോൻ** ഈ വാക്കിന്റെ അർത്ഥം വെള്ളച്ചാട്ടം എന്നാണ്. ഈ നദിയിലെ വെള്ളത്തിന്റെ ഒഴുക്ക് മന്ദഗതിയിലല്ല. പീശോൻ ഒരു വിശ്വാസിയിൽ പരിശുദ്ധാത്മ പകർച്ചയെ അത്രേ കാണിക്കുന്നത്. പെന്തിക്കോസ്തു നാളിൽ 120 പേർ പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യത്തിൽ ഒരുമിച്ച് കൂടിയപ്പോൾ അവരുടെമേൽ ആത്മപകർച്ച ഉണ്ടായത്. അപ്പോ.പ്ര 1:1–14–ൽ കാണുന്നു.

ആത്മപകർച്ച ഉണ്ടാകുന്നിനു മുമ്പേ പത്തു ദിവസം അവർ കാത്തിരുന്നു പ്രാർത്ഥിച്ചു. ഓരോ ദിവസവും തങ്ങളുടെ കുറ്റങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുമായിരുന്നു. പത്രോസ് താൻ കർത്താവിനെ തള്ളിപ്പറഞ്ഞത് ഓർത്തു കരഞ്ഞു പ്രാർത്ഥിച്ചു. തോമസ് കർത്താവിനെ അവിശ്വസിച്ചതിനാൽ കരച്ചിൽ തുടങ്ങി. ക്രൂശാരോഹണ സമയത്ത് കർത്താവിനെ വിട്ട് ഓടിപ്പോയ എല്ലാവരും ഏറ്റു പറഞ്ഞ് കരയുകയുണ്ടായി. തങ്ങൾക്ക് നിലനിന്നു ജീവിപ്പാൻ പിതാവിന്റെ ഏക വാഗ്ദത്തമായ പരിശുദ്ധാത്മാവ് തങ്ങളുടെമേൽ പകരണമേ എന്ന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ പെന്തിക്കോസ്തു പെരുന്നാൾ വന്നു. മാളിക മുറിക്കുള്ളിൽ ഭയപ്പെട്ടിരുന്ന ശിഷ്യന്മാരുടെമേൽ തുറക്കപ്പെട്ട സ്വർഗ്ഗത്തിൽനിന്നും പീശോന്റെ അനുഭവം പൊട്ടിപുറപ്പെട്ടു വരികയും അവരെല്ലാം ആത്മനദിയിൽ നീന്തുവാൻ തുടങ്ങി. ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല. നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമത്രേ (റോമ.14:17) ഇപ്രകാരം പുതിയ നിയമസഭ പെന്തിക്കോസ്തു നാളിൽ രൂപം പ്രാപിച്ചു. പത്രോസ് പതിനൊന്നുപേരോടുകൂടി നിന്ന് പ്രസംഗിച്ചു 300 പേർ സഭയോട് ചേർന്നു.

ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവർക്ക് ദയ ലഭിക്കും (സദൃ. 28:13) ആദിമ സഭ ദൈവസന്നിധിയിൽ ഇരുന്നതുപോലെ ഇരുന്ന് കുറ്റങ്ങൾ ഏറ്റു പറയണം അനുഗ്രഹിക്കപ്പെടണം. നാം നമ്മുടെ പാപങ്ങളെ ഏറ്റു പറയുമ്പോൾ അവൻ നമ്മുടെ പാപങ്ങളെ പോക്കി നമ്മേ ശുദ്ധീകരിക്കും യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മേ ശുദ്ധീകരിക്കുന്നു. അഭിമാനക്കുറവ് എന്ന് കരുതി പലർക്കും ഏറ്റു പറച്ചിലായ വി. കുമ്പസാരം ഇല്ലാത്തതിനാൽ ആത്മ പകർച്ച ലഭിക്കാതെ പോകുന്നു. കുറ്റങ്ങൾ ഏറ്റു പറയുമ്പോൾ ഹൃദയത്തിലെ ഉറവകൾ തുറക്കും. സത്യകുമ്പസാരം നടത്തി യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ച് അവൻ നമ്മിലും നാം അവനിലും ആകുമ്പോൾ ജീവജലത്തിന്റെ നീരുറവ നമ്മിൽ നിന്നും പ്രവഹിക്കും. പീശോൻ ചുറ്റുന്നത് ഹവീല ദേശത്താണ്. ഹവീല എന്ന വാക്കിന്റെ  അർത്ഥം വേദന എന്നാണ്. എന്തിനാണ് വേദന, സമ്പത്തിനല്ല, വിദ്യാഭ്യാസത്തിനല്ല, ജോലിക്കല്ല. മറിച്ച് നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ചുള്ള വേദനയാണ്. ആ ദേശത്ത് വളരെ പൊന്നു വിളയും. ദൈവവചനത്തിൽ പൊന്ന് വിലയേറിയ വിശ്വാസത്തെ കാണിക്കുന്നു. (1 പത്രോ.1:7). കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേൽക്ക എന്ന് പത്രോസ് മുടന്തനോട് പറഞ്ഞ നിമിഷത്തിൽ മുടന്തൻ ചാടി എഴുന്നേറ്റു, അതാണ് വലിയ വിശ്വാസം.

പിശോന്റെ അനുഭവത്തിൽനിന്നും ആത്മ പകർച്ചയും, ആത്മ ദാഹവും ഉന്നത വിശ്വാസവും നമുക്ക് ഉണ്ടാകുവാൻ ദൈവം സഹായിക്കട്ടെ. നമുക്ക് ആദിമ സഭയുടെ അനുഭവത്തിലേക്ക് വരാം. കർത്താവായ യേശുക്രിസ്തു വേഗം വരുന്നു. ഉണരാം ജീവിതം പുതുക്കാം. ●


**Required for an Established Institution in Kerala**

**1. CBT Trainers for NMC test seeking UK registration Nurses (Female)**

**Eligibility**: MSC & BSC Nursing With relevant experience

Eligible candidates send CV with Photo to :-

**oysterkochi@gmail.com**

**Oyster Nurses Academy Pvt. Ltd**

2 nd Floor, Mohammed Haji Building,
Old Cheranallur Road, Opp Lulu Mall,
Edappally, Kochi, India – 682024.

**Contact No: +91 9188831233, 0484 2801213**



ക്നാനായ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മെരിറ്റ് അവാർഡ് 2018 ചിങ്ങവനം പുത്തൻപള്ളി ഓഡിറ്റോറിയത്തിൽ MSOT റസിഡന്റ് മെത്രാപ്പോലീത്താ അഭി: ഡോ. കുറിയാക്കോസ് മോർ തേയോഫീലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ, പത്തനംതിട്ട ജില്ലാ കളക്ടർ P. B. നൂഹ് I.A.S. സമുദായ സെക്രട്ടറി ശ്രീ. T. O. ഏബ്രഹാം തോട്ടത്തിൽ, വൈദിക ട്രസ്റ്റി ഫാ. മോനായി കെ. ഫിലിപ്പ്, ഭദ്രാസന സെക്രട്ടറി ഫാ. P. T മാത്യു, കമ്മറ്റി അംഗങ്ങളായ സാബു കണ്ണാട്ടിപ്പുഴ, ജോസ് പള്ളിക്കുന്നേൽ, T. C. തോമസ്, ഫിലിപ്പ് കെ. ജോസഫ്, ആലിച്ചൻ ആറൊന്നിൽ, ജേക്കബ് തോമസ്, ഏബ്രഹാം പുന്നൂസ്, ഉതുപ്പാൻ ജോസഫ് എന്നിവർ സമീപം



ക്നാനായ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ഈവ് 2018 മാർ അപ്രേം സെമിനാരിയിൽ **അഭി. ആർച്ച് ബിഷപ്പ് മോർ ജോസഫ് പെരുന്തോട്ടം** ഉദ്ഘാടനം ചെയ്യുന്നു. **ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ, ശ്രീ. റോയി പോൾ ഐ.എ.എസ്,** സമുദായ ട്രസ്റ്റി Com. **സ്കറിയാ തോമസ്** Ex MP , സമുദായ സെക്രട്ടറി T.O **ഏബ്രഹാം തോട്ടത്തിൽ**, എന്നിവർ സമീപം.



**ക്നാനായ അതിഭദ്രാസനത്തിൽ 1-12-2018 മുതൽ ഭദ്രാസന സെക്രട്ടറിയായി നിയമിതനായ**

## ഫാ. പി. ടി. മാത്യു പയ്യനാട്ട്

## Happy 41st Wedding Anniversary to our dear Daddy & Mummy

29– 01– 2019



**Chacko Abraham& Mariyakkutty**

**Mammoottil, Kuzhimattam, Kottayam**

Best Compliment from
Nishad, Sherimol & Suttu

Advt - O



## Glory to God Almighty

By the Grace of God **Miss Lys Kulamadayil** D/o Adv. Mathew Kulamadayail and Baby Kulamadayil (Manimalathu) has graduated with a doctoral degree in international law from the Graduate Institute of International and Development Studies, Geneva. During her Ph.D. studies, she had the opportunity to be a visiting researcher at Harvard Law School. She presented her work in Rio de jeneirio (Brazil), Bangkok (Thailand), Jerusalem, (Israel), Amsterdam (Netherland), Quito and Guayaquil (Ecuador), Manchester (U. K.), Kuala Lumpur (Malaysia) and Madrid (Spain). She already holds an L.L.M. from the London School of Economics and has recently joined the Federal Foreign Office of Germany's Division for Humanitarian Assistance. She has published several articles in International Law Journals.

# വിവാഹിതരായി



വെളിയനാട് സെന്റ് മേരീസ് ബേദ്‌ലഹേം പള്ളി ഇടവകയിൽ കണ്ണോത്ത് കൊച്ചുപറമ്പിൽ റെജി ഏബ്രഹാമിന്റേയും ഷേർളി ഏബ്രഹാമിന്റേയും മകൾ **അഹനാ ഏബ്രഹാമും** വാകത്താനം സെന്റ് സൈമൺസ് പള്ളി ഇടവകയിൽ കാക്കാംപറമ്പിൽ കെ. കെ. മാത്തുക്കുട്ടിയുടെയും ലോലമ്മ മാത്യുവിന്റെയും മകൻ **റെജിൻ മാത്യുവും** തമ്മിലുള്ള വിവാഹം 2018 ഓഗസ്റ്റ് 30–ാം തീയതി വാകത്താനം സെന്റ് സൈമൺസ് പള്ളിയിൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.


# 25th Wedding Anniversary

**16-01-2019**

Give thanks to the Lord, for he is good, his love endures for ever (Ps.107:1)



**Abraham Thomas (Kunju)&**
**Bindhu Abraham**

**Kunnathil, Nattakom**
**Kottayam**

**With love & prayers**

**Ammini Thomas, Riya & Blessen,**
**Richu Abraham**

Advt - O


# വിവാഹിതരായി



രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ വലിയ പള്ളി ഇടവകയിൽ, മംഗലത്ത് സ്കറിയയുടെയും സൂസമ്മയുടെയും മകൻ **സോണു സ്കറിയായയും** കുറിച്ചി മോർ ഇഗ്നാത്തിയോസ് ഇടവകയിൽ പഴയകളത്തിൽ ഷാജിയുടെയും സൈനമ്മയുടെയും മകൾ **അഖിലയും** തമ്മിലുള്ള വിവാഹം 2018 ഒക്ടോബർ 20–ാം തീയതി രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

# Congratulations



**Jiku James (Achu)** **graduated in Master of Science (M.S.) from University of Arkansas. (USA) She is daughter of James P. A. & Jessy James Pachemkulath Kattodu, She is a member at St. Mary's Knanaya Church Kattodu.**

Best wishes
Family Members

## Congratulations to Dr. Aswathy James, M.B.B.S., D.A. M.D.



ഈ വർഷത്തെ Knanaya Merit Medical P.G. award ന് അർഹയായ **Dr. അശ്വതി ജെയിംസ്** തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്ന് Anasthesiology യിൽ M.D. Degree പാസ്സായിരിക്കുന്നു. ഇപ്പോൾ ഗവൺമെന്റ് ഹെൽത്ത് സർവ്വീസിൽ Junior Consultant ആയി സേവനം അനുഷ്ഠിക്കുന്നു. തുരുത്തിക്കാട് പുതുച്ചിറ Dr.സിബിൻ മാത്യു (Consultant Pediatrician, Thiruvalla Medical Mission Hospital) ന്റെ ഭാര്യ ആണ്. മക്കൾ സ്റ്റീവ് മാത്യു സിബിൻ, ടെസ്സാ സൂസൻ സിബിൻ. കുറുപ്പുംതറ മേമുറി ചിറവാലേൽ സി. റ്റി. ജെയിംസ് (Rtd. Senior Supervisor, B.S.N.L) ന്റെയും Mrs. മേരി ജെയിംസ് (Rtd. junior Telecom Officer, B.S.N.L) ന്റെയും മകൾ ആണ്

Best wishes from,
Puthuchira Family, Chiravalel Family

# നവതിയുടെ നിറവിൽ

18-01-2019



## എൻ. റ്റി. തോമസ്

### നെച്ചാട്ട്, മഴുക്കീർ, തൈമറവുംകര

അദ്ധ്യാപകൻ, മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി സെക്രട്ടറി, ട്രസ്റ്റി, 15 വർഷക്കാലം ക്നാനായ അസ്സോസിയേഷൻ മെമ്പർ, ഓതറ നസറേത്ത് ആശ്രമം അസിസ്റ്റന്റ് സെക്രട്ടറി, ആശ്രമം കൗൺസിലർ എന്നീ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

**ഇത്രത്തോളം ദൈവം എന്നെ നടത്തി**
**ദൈവത്തിനു സ്തോത്രം**

**ആശംസകളോടെ,**
ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ




ടോംസ് ആന്റണി

**മാലിന്യസംസ്ക്കരണ രംഗത്ത് പുത്തൻ ഗാഥ കൾ രചിക്കപ്പെടണം. കെട്ടിടവും അനുബന്ധ സംവിധാനങ്ങളും പരി സ്ഥിതി സൗഹൃദമായിരിക്ക ണം. വിവിധകൃഷികളും പൂന്തോട്ടവും, ഔഷധ ത്തോട്ടവും ഉണ്ടാകണം. അങ്ങിനെ കുട്ടികൾക്ക് പാഠ്യപദ്ധതിക്കപ്പുറം വിദ്യാലയമുറ്റത്തുനിന്ന് പഠിക്കാൻ അനവധികാര്യ ങ്ങൾ ഉണ്ടാവണം.**

# വിദ്യാലയത്തിലും തിരുമുറ്റത്തും ഹരിതാഭനിറയട്ടെ

പൂത്തുമ്പികളെപ്പോലെ വിദ്യാലയ തിരുമുറ്റത്ത് പാറിനട ക്കേണ്ടവരാണ് കുട്ടികൾ. അവിടെ പ്രകൃതികനിഞ്ഞരുളിയ ഹരിതാഭ ഉണ്ടാകണം. കൂട്ടിന് തുമ്പികളും, കിളികളും ഉണ്ടാ കണം. പ്രാണവായുവായ ഓക്സിജന്റെ നല്ല സാമീപ്യം ഉണ്ടാകണം. വൃക്ഷലതാദികളും അവ നൽകുന്ന തണലും കൊണ്ട് സമ്പന്നമാകണം. ജലസംരക്ഷണ മാർഗ്ഗങ്ങൾ അവ ലംബിക്കുന്ന സംവിധാനങ്ങൾ ഉണ്ടാകണം. ഊർജ്ജപരിപാ ലനം വിദ്യാലയത്തിന്റെ വ്രതമായി സ്വീകരിക്കണം. മാലി ന്യസംസ്ക്കരണ രംഗത്ത് പുത്തൻ ഗാഥകൾ രചിക്കപ്പെടണം. കെട്ടിടവും അനുബന്ധസംവിധാനങ്ങളും പരിസ്ഥിതി സൗഹൃദമായിരിക്കണം. വിവിധകൃഷികളും പൂന്തോട്ടവും, ഔഷധത്തോട്ടവും ഉണ്ടാകണം. അങ്ങിനെ കുട്ടികൾക്ക് പാഠ്യ പദ്ധതിക്കപ്പുറം വിദ്യാലയമുറ്റത്തുനിന്ന് പഠിക്കാൻ അനവ ധികാര്യങ്ങൾ ഉണ്ടാവണം. ജീവികളുടെ ആവാസവ്യവസ്ഥ അതിന്റെ പൂർണ്ണതയിലേയ്ക്ക് എത്തുന്നതിന് ജൈവമാലി ന്യങ്ങളും ഉണ്ടാകണം. പച്ചപ്പിന്റെ വശ്യതയും പ്രകൃതിയുടെ സുഗന്ധവും അനുഭവവേദ്യമാകണം. അതെ എന്റെ ഹരിത വിദ്യാലയസങ്കല്പം ഇങ്ങനെ നീളുന്നു.

**മരമാണ് മറുപടി**

പ്രകൃതിയോട് മനുഷ്യൻ കാട്ടുന്ന ക്രൂരതകൾക്കുള്ള മറു പടി മരമാണ്. വിദ്യാലയ അങ്കണത്തിന്റെ അനിവാര്യതക്ക പ്പുറം മരങ്ങൾ വച്ചുപിടിപ്പിക്കുക തന്നെ വേണം. കൂടുതൽ ഓക്സിജൻ വിസർജ്ജിക്കുന്ന ആൽ, മാവ് തുടങ്ങിയ വൻമ രങ്ങൾ മുതൽ, കണ്ണുകൾക്ക് കുളിർമയേകുന്ന പൂന്തോട്ടവും, ഭാരതത്തിന്റെ ആയുർവ്വേദ പാരമ്പര്യം വിളിച്ചോതുന്ന ഔഷ ധസസ്യത്തോട്ടങ്ങളും ഉണ്ടാവണം. നെൽകൃഷിവരെ ഭംഗി യായി ചെയ്തുവരുന്ന വിദ്യാലയങ്ങൾ ഉണ്ടെന്നത് ശ്ലാഘ നീയമാണ്. സസ്യത്തോട്ടങ്ങളും ഉണ്ടാവണം. ഇവയെല്ലാം നടുന്നതും, പരിപാലിക്കുന്നതുമെല്ലാം കുട്ടികൾ തന്നെയാ വണം. എല്ലാ സസ്യങ്ങളെക്കുറിച്ചും ആഴത്തിലുള്ള അറിവ് എല്ലാ വിദ്യാർത്ഥികൾക്കുമുണ്ടാകണം. മരം എന്നത് ഒരു വര മാണെന്നസത്യം വിദ്യാർത്ഥികൾ ആഴത്തിൽ മനസ്സിലാക്ക ണം.

**ജലസംരക്ഷണ സംവിധാനങ്ങൾ**

ജലത്തിന്റെ അമൂല്യത ഓരോ കുട്ടിയും തിരിച്ചറിയണം. അനാവശ്യമായി ജലം പാഴാക്കാൻ ഇടയാവാതിരിക്കണം. ഒരു ഗ്ലാസ്സിലോ, കപ്പിലോ വെള്ളമെടുത്ത് കൈകഴുകാൻ കുട്ടി കൾ ശീലിക്കണം. ശുദ്ധജലമാണ് ലഭിക്കുന്നത് എന്ന് ഉറപ്പു വരുത്തണം. ബഹിർഗമജലം വൃക്ഷങ്ങളും തോട്ടങ്ങളും നന ക്കാനുപകരിക്കുന്നരീതിയിൽ സജ്ജമാക്കണം. ജലജന്യമായ രോഗങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കപ്പെടണം. വിദ്യാലയ അങ്കണത്തിൽ ജലം കെട്ടിക്കിടക്കുവാൻ അനുവ ദിക്കരുത്. ഫലപ്രദവും, ശാസ്ത്രീയവുമായ ജലവിനിയോഗം വിദ്യാലയാന്തരീക്ഷത്തിൽ രൂപപ്പെടണം. ജലം താഴ്ന്ന് മണ്ണി ലേക്കുതന്നെ ഇറങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെ ടണം. ജലസ്രോതസ്സുകൾ വൃത്തിയായി സൂക്ഷിക്കപ്പെടണം. വിദ്യാലയമുറ്റങ്ങളിൽ ടൈൽസ് ഉൾപ്പെടെ ജലം ആഴ്ന്നിറ ങ്ങുന്നതിന് തടസ്സം സൃഷ്ടിക്കുന്ന ഒന്നും ഉണ്ടാകുവാൻ പാടി ല്ല. മഴവെള്ളത്തെ പിടിച്ചുനിർത്താനും ഫലപ്രദമായി ഉപ യോഗിക്കാനും കഴിയണം. മഴവെള്ള സംഭരണി നിർമ്മിക്ക പ്പടണം.

**മാലിന്യത്തെ വിഭവമാക്കണം**

അസ്ഥാനത്തുള്ള വിഭവമാണ് മാലിന്യം; അവ അസ്ഥാ നത്ത് ആകാതെ നോക്കുകയും ശരിയായ സ്ഥാനത്തേയ്ക്ക് എത്തിക്കുകയും ചെയ്യുമ്പോൾ മാലിന്യമെന്നത് വിഭവം തന്നെയായി പരിണമിക്കുന്നു.

മാലിന്യങ്ങളെ രണ്ടായിത്തന്നെ തിരിക്കണം. ജൈവ മെന്നും അജൈവമെന്നും. ജൈവമാലിന്യം സംസ്ക്കരിക്കു ന്നതിന് അനുയോജ്യമായ ബയോഗ്യാസ് പ്ലാന്റ് വിദ്യാലയ ത്തിൽ ഉണ്ടാകണം. ബയോഗ്യാസിൽ നിന്ന് ഉച്ചക്കഞ്ഞി ഉൾപ്പെടെ പാചകം ചെയ്യുവാൻ തക്കവിധത്തിലുള്ളത് ക്രമ പ്പെടുത്തണം. അജൈവമാലിന്യങ്ങൾ വിദ്യാലയങ്ങളിൽ

കൊണ്ടുവരാനുള്ള സാധ്യത പരമാവധി കുറയ്ക്കണം. ബയോഗ്യാസ് പ്ലാന്റുകൾ വളരെ നന്നായി പരിപാലിക്കുന്നതിനുള്ള സംവിധാനം ക്രമീകരിക്കണം. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ എറോബിക് പ്ലാന്റുകളിലേയ്ക്ക് കൃത്യമായ ഇടവേളകളിൽ കൊണ്ടുപോകുന്നതിനുള്ള സംവിധാനം ഒരുക്കണം. കുറച്ച് ജൈവമാലിന്യങ്ങൾ വിദ്യാലയത്തിന്റെ ഒരു പ്രത്യേക കോണിൽ നിക്ഷേപിക്കണം. പക്ഷികൾക്കുള്ള ഭക്ഷണമായി അത് മാറട്ടെ. പക്ഷികളും നമ്മുടെ വിദ്യാലയത്തിന് പ്രിയപ്പെട്ടവർ തന്നെയായി പരിണമിക്കട്ടെ.

**പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾ**

കാറ്റും വെളിച്ചവും കയറിയിറങ്ങുന്ന പഠനമുറികൾ; പകൽ ഫാനും ബൾബുകളും പ്രവർത്തിപ്പിക്കാൻ ആവശ്യമില്ലാത്ത തരത്തിലുള്ള കെട്ടിടനിർമ്മാണവും വിന്യാസവും ഉണ്ടാകണം. പരിസ്ഥിതിക്കോ, ആരോഗ്യത്തിനോ ഭംഗം വരുത്തുന്ന നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചുള്ളതാവരുത് വിദ്യാലയകെട്ടിടങ്ങൾ. വിദ്യാലയകെട്ടിടങ്ങൾ കടുത്തനിറങ്ങൾക്കുപകരം കുട്ടികൾക്ക് പ്രചോദനവും കണ്ണിന് കുളിർമയും പകരുന്ന നിറച്ചാർത്തുകൾകൊണ്ട് സമ്പന്നമാക്കണം.

**ഹരിതചട്ടങ്ങൾ പാലിക്കപ്പെടണം**

വിദ്യാലയവുമായി ബന്ധപ്പെടുന്ന എല്ലാ കാര്യങ്ങളിലും സ്റ്റീൽ, ചില്ല് പ്ലേറ്റുകൾ ശീലമാക്കണം. തുണിസഞ്ചികൾ ഉപയോഗിക്കപ്പെടണം. മഷിപ്പേന ഉപയോഗിക്കുന്ന തരത്തിലേയ്ക്ക് കുട്ടികളുടെ ശീലത്തെ പരിണമിപ്പിക്കണം. വിദ്യാലയങ്ങളിലെ എല്ലാ പരിപാടികളിലും തുണികൊണ്ടുള്ള ബാനർ നിർബന്ധമാക്കണം. പ്രകൃതി സൗഹൃദ അലങ്കാരങ്ങളാകണം അലങ്കരിക്കുന്നതിന് ഉപയോഗിക്കുവാൻ. തുണിത്തൂവാലകൾ ശീലമാക്കണം. സ്റ്റീൽ ഗ്ലാസ്സുകൾ ശീലമാക്കണം. കുട്ടികളുടെ പ്രോജക്റ്റുകൾക്കും പ്രചരണപ്രവർത്തനങ്ങൾക്കും പരിസ്ഥിതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കണം. ഉപഹാരങ്ങൾക്ക് വിത്തുകളും, തൈകളും നൽകുന്ന മാതൃക ശീലമാക്കണം. ആഹാരങ്ങൾ പാഴ്സലായി വാങ്ങുന്നതിന് തട്ടുപാത്രങ്ങൾ ഉപയോഗിക്കണം.

പ്ലാസ്റ്റിക് പേനകൾ ഒഴിവാക്കപ്പെടണം. ഡിസ്പോസിബിൾ കപ്പുകൾ, പ്ലേറ്റുകൾ, സ്ട്രോകൾ, ഗ്ലാസ്സുകൾ, സ്പൂണുകൾ എന്നിവ ഒഴിവാക്കണം. ടിഷ്യുപേപ്പർ, പേപ്പർ, മേശവിരി എന്നിവയും ഒഴിവാക്കപ്പെടണം. ഫാസ്റ്റ്ഫുഡ്, ജംഗ്ഫുഡ് എന്നിവ ഒഴിവാക്കപ്പെടണം. ജൈവകൃഷി, കൂട്ടുകൃഷി എന്നിവ ശീലമാക്കണം. മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണികൾ എന്നിവ തുടങ്ങണം.

**കാർബൺ വിസർജ്ജനം പരമാവധി കുറയ്ക്കുക.**

ഇന്ത്യയിലെ ഒരുവർഷത്തെ കാർബൺ വിസർജ്ജനം ആളോഹരി 2 ടൺ ആണ്. കേരളത്തിൽ അതിലും കൂടും. നമ്മുടെ വിദ്യാലയങ്ങൾ കാർബൺ ന്യൂട്രൺ വിദ്യാലയങ്ങളായി പരിണമിപ്പിക്കണം. വിദ്യാലങ്ങളിലേയ്ക്ക് കുട്ടികൾ വരുന്നതിന് സൈക്കിൾ പ്രോത്സാഹിപ്പിക്കണം. കാർബൺ ഡയോക്സൈഡ് അമിതമായി വിസർജ്ജിക്കപ്പെടാനുള്ള സാധ്യതകൾ കുറയ്ക്കണം. പേപ്പറുകൾ കത്തിച്ചുകളയുന്ന അവസ്ഥയും ഒഴിവാക്കപ്പെടണം.

**ഊർജ്ജസംരക്ഷണം വ്രതമാക്കണം**

ഊർജ്ജസംരക്ഷിത ഉപകരണങ്ങളെക്കൊണ്ട് സമ്പന്നമാക്കണം, ഓരോ വിദ്യാലയവും. എൽ.ഇ.ഡി. ബൾബുകൾ, ഫൈവ്സ്റ്റാർ ഉപകരണങ്ങൾ, ബൾബുകളുടെ കൃത്യതയാർന്ന വിന്യാസങ്ങൾ എന്നിവ എല്ലാ വിദ്യാലയങ്ങളിലും ഉണ്ടാകണം. അനാവശ്യമായി തെളിഞ്ഞുകിടക്കുന്ന ബൾബുകളോ, പ്രവർത്തിക്കുന്ന വൈദ്യുതോപകരണങ്ങളോ ഉണ്ടാവരുത്. ഊർജ്ജസംരക്ഷണപാഠങ്ങൾ എല്ലാവിദ്യാർത്ഥികളും ഉൾക്കൊള്ളണം. സോളാർ പാനലുകൾ വച്ചുകൊണ്ട് ഊർജ്ജസംരക്ഷണരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുവാൻ ഓരോ വിദ്യാലങ്ങൾക്കും കഴിയണം.

ഹരിത വിദ്യാലയം നമ്മുടെ സ്വപ്നം മാത്രമായി അവശേഷിക്കേണ്ട ഒന്നല്ല, മറിച്ച് യാഥാർത്ഥ്യമാക്കുവാൻ കഴിയുന്ന ഒരു സുന്ദരസങ്കല്പമാണ്. എല്ലാവരും കൈകോർത്താൽ ഇച്ഛാശക്തിയോടെ അണിനിരന്നാൽ, ആശയങ്ങൾ സ്വരൂപിച്ച് വ്യക്തമായ ദിശാബോധത്തോടെ മുന്നേറിയാൽ, നമ്മുടെ വിദ്യാലയവും ഹരിതവിദ്യാലയമാകും. ഹരിതവിദ്യാലയത്തിലെ അദ്ധ്യാപകരാകുന്നതും ഏറെ അഭിമാനം തന്നെ !

# മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ

## മോർ അപ്രേം സെമിനാരി, ചിങ്ങവനം

## നോട്ടീസ്

മാന്യരെ,

മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ ഒരു വിശേഷാൽ യോഗം 22-01-2019 ചൊവ്വാഴ്ച രാവിലെ 10.30 ന് മോർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ വച്ച് താഴെകൊടുത്തിരിക്കുന്ന അജണ്ട അനുസരിച്ച് കൂടുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ടി. അസ്സോസിയേഷൻ യോഗത്തിൽ എല്ലാ അംഗങ്ങളും സന്നിഹിതരാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്



**റ്റി.ഒ. എബ്രഹാം തോട്ടത്തിൽ**

(അസ്സോ. സെക്രട്ടറി)

ചിങ്ങവനം,

01-01-2019



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം: ദൈവശാസ്ത്ര-മന:ശാസ്ത്ര വീക്ഷണത്തിൽ

**ആമുഖം**

മാതൃകാപരമായ ക്രൈസ്തവ കുടുംബജീവിതത്തിന്റെ രണ്ടു സുപ്രധാന ഘടകങ്ങളാണ് ഉത്തമനായ ഭർത്താവും ഉത്തമയായ ഭാര്യയും. ആരാണ് ഉത്തമൻ/ഉത്തമ എന്ന ചോദ്യത്തിന്റെ ഏക ഉത്തരം, ജീവിത പങ്കാളിക്കും മക്കൾക്കും വേണ്ടി ജീവിതം സമർപ്പിക്കുന്ന വ്യക്തി എന്നാണ്. ജീവിതപങ്കാളിയെ ഉത്തമൻ/ഉത്തമ ആക്കുവാൻ ശ്രമിക്കുന്നതിനെക്കാൾ എളുപ്പം സ്വയം ഉത്തമൻ/ഉത്തമ ആകുന്നതാണ്. ആധുനികലോകത്ത് എല്ലാവരും അവകാശബോധം ഉള്ളവരാണ്. എന്നാൽ ചുമതലാബോധത്തിന്റെ പ്രസക്തി നാം തിരിച്ചറിയുന്നുവെങ്കിൽ മാതൃകാ കുടുംബജീവിതം പടുത്തുയർത്തുവാൻ നമുക്ക് കഴിയും. ജീവിതപങ്കാളിക്കുവേണ്ടി എനിക്ക് എന്തുചെയ്യുവാൻ കഴിയുമെന്ന് അന്വേഷണം നടത്തുന്നതിന് ഭാര്യയും ഭർത്താവും മത്സരിക്കുന്നവരാകുന്നത് മാതൃകാ കുടുംബജീവിതത്തിന്റെ ലക്ഷണമാണ്. എപ്രകാരം മാതൃകയുള്ള ക്രൈസ്തവ കുടുംബജീവിതം നയിക്കുവാൻ കഴിയുമെന്ന ചർച്ചയാണ് ഈ പരമ്പരയിലുള്ളത്. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെയും മനഃശാസ്ത്രത്തിന്റെയും വീക്ഷണത്തിൽ നിന്നുകൊണ്ട് കുടുംബജീവിതത്തെക്കുറിച്ച് പഠിക്കുവാൻ ശ്രമിക്കാം.

**വിവാഹം: ഒരു വെല്ലുവിളി**

വൈദികനാകുവാനും കന്യാസ്ത്രീയാകുവാനും ദൈവവിളി ആവശ്യമാകുന്നതുപോലെ വിവാഹജീവിതത്തിൽ പ്രവേശിക്കുന്നതിനും ദൈവവിളി ആവശ്യമാണ്. ദൈവം കൂട്ടിച്ചേർക്കുന്ന പങ്കാളിയാണ് തന്റെ ജീവിതത്തിൽ ലഭിച്ചിരിക്കുന്നതെന്ന ബോധ്യം ഉണ്ടാകണം. തന്റെ അപൂർണ്ണതയെ പൂർണ്ണമാക്കുവാൻ ദൈവം കൂട്ടിച്ചേർത്ത പങ്കാളിയാണ് തന്റെ ഇണ. തുണയായ തന്റെ ഇണയെ ചേർത്തു നിർത്തുന്നത് തന്നെ ദൈവഹിതത്തിനുള്ള സമർപ്പണവും സുവിശേഷ പ്രവർത്തനവുമാണ്. "അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായ ഒരു തുണ ഉണ്ടാക്കികൊടുക്കും എന്ന് അരുളിചെയ്തു" (ഉല്പ. 2:18). ഈ വചനത്തിലൂടെ വിവാഹജീവിതത്തിൽ പ്രവേശിക്കുന്ന ഏതൊരു വ്യക്തിയുമായും ജീവിതപങ്കാളിയെ കൂട്ടിച്ചേർക്കുന്നത് ദൈവമാണെന്ന് മനസ്സിലാകും. "ഭവനവും സമ്പത്തും പിതാക്കന്മാർ വെച്ചേക്കുന്ന അവകാശം, ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം" (സദൃ.19:14).

ഈ ദൈവീക ദാനത്തെ ആദം സ്വീകരിച്ചവിധം ശ്രദ്ധിക്കാം. ''ഇത് ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്ന് മാംസവും ആകുന്നു'' (ഉല്പ.2:23). ഹൗവ്വായെ ചേർത്ത് നിർത്തുവാൻ ആദമിന് തോന്നിയത് പരിശുദ്ധാത്മ പ്രചോദനത്താലാണ്. തന്റെ തന്നെ ഭാഗമാണ് തന്റെ ഭാര്യയെന്ന ബോധ്യം ആദത്തിലുണ്ടായതുപോലെ നമുക്കും ഉണ്ടാകണം.

അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും അവർ ഏകദേഹമായിത്തീരും'' (ഉല്പ.2:24). ഇതേ വചനം തന്നെ യേശുക്രിസ്തു ഒരു കാര്യം കൂടി കൂട്ടിച്ചേർത്തുകൊണ്ട് ഉദ്ധരിച്ചിരിക്കുന്നു. "അതുകൊണ്ട് അവർ മേലാൽ രണ്ടല്ല; ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്"(മത്തായി 19:6). ജീവിത പങ്കാളിയെ ദൈവം കൂട്ടിച്ചേർത്തതാണെന്ന ബോധ്യം കുടുംബജീവിതം കൂടുതൽ അനുഗ്രഹകരമാക്കും.

ആയതിനാൽ ദൈവമുൻപാകെയുള്ള ഉടമ്പടി (Covenant) യാണ് വിവാഹം എന്ന കൂദാശ. ദൈവം വിളിച്ചു ചേർത്തുതന്ന ജീവിതപങ്കാളിയോട് ചേർന്ന് ദൈവമുൻപാകെ വയ്ക്കുന്ന ഉടമ്പടിയാണ് വിവാഹം. ദൈവഹിതത്തിന് മനുഷ്യന്റെ സ്വന്തഹിതം തടസ്സമാകുമ്പോഴുണ്ടാകുന്ന പ്രതിഭാസമാണ് വിവാഹമോചനം. ദൈവം സംയോജിപ്പിച്ചതിനെ

മനുഷ്യന് വേർപിരിക്കുവാൻ അനുവാദമില്ലാത്തതായിട്ടും നിയമപരമായ ഈ സൗകര്യം ഉപയോഗിച്ച് ഒരു ക്രിസ്ത്യാനി തന്റെ ജീവിതപങ്കാളിയെ ഉപേക്ഷിക്കുമ്പോൾ ദൈവത്തെ തന്നെയാണ് തള്ളിപ്പറയുന്നത്. ദൈവവിളിയെക്കുറിച്ച് ശരിയായ അവബോധമില്ലാത്തവരാണ് വിവാഹമോചനത്തിന് തയ്യാറാകുന്നത്. ഉപഭോഗ സംസ്ക്കാരത്തിന് അമിത പ്രാധാന്യം നൽകുന്ന ഇക്കാലയളവിൽ വിവാഹമോചനത്തെ നിസ്സാരമായി കാണുന്നുവെന്നത് ദുഃഖകരമാണ്.

കോടതി വരാന്തയിൽ വളരെയേറെ പിരിമുറുക്കത്തോടെ നിൽക്കുകയാണ് ജോസഫ് എന്ന മുപ്പത്തഞ്ചുകാരൻ. തന്നെയും രണ്ടു പിഞ്ചുമക്കളെയും ഉപേക്ഷിച്ചിട്ട് സ്വന്തഹിതപ്രകാരം ഇറങ്ങിപ്പോയ മുപ്പത്തിരണ്ടുകാരിയായ ഭാര്യയെ തനിക്കാവശ്യമില്ലെന്ന പിടിവാശിയിലാണ് ടിയാൻ. നിസ്സാരകാര്യങ്ങൾക്ക് വഴക്കടിക്കുന്ന ആ സ്ത്രീയെ എങ്ങനെയും ഒഴിവാക്കാനുള്ള വാശിയിലാണ് അവൻ. അതുകൊണ്ടുതന്നെ അവൾ ചെയ്തതും മനസ്സറിഞ്ഞിട്ടുപോലുമില്ലാത്തതുമായ എന്തെല്ലാം കുറ്റങ്ങളാണ് കോടതിയിൽവച്ച് അവളുടെ തലയിൽ കെട്ടിവച്ചത്. വക്കീലു പഠിപ്പിച്ചുകൊടുത്ത കള്ളങ്ങൾ ഉരുവിടുമ്പോൾ അല്പംപോലും മനസ്സാക്ഷിയില്ലാതെയാണ് ജോസഫ് പറഞ്ഞത്. എന്നിട്ടും കലിയടങ്ങാതെ കോടതിവരാന്തയിൽ ഉലാത്തുകയാണവൻ.

നിറകണ്ണുകളോടെയാണ് ലിസ്സി കോടതിമുറിവിട്ടത്. താൻ ജീവനുതുല്യം സ്നേഹിച്ച തന്റെ ഭർത്താവുതന്നെയാണോ തന്നക്കുറിച്ച് ഇത്രയും അപരാധങ്ങൾ പറഞ്ഞതെന്നോർത്ത് ചങ്കുപൊട്ടി കരയണമെന്ന് അവൾക്കുതോന്നി. കോടതിയിലെ പരിമിതമായ സാഹചര്യങ്ങളിൽ അത് അസാധ്യമെന്ന് മനസ്സിലാക്കി ലിസ്സി കണ്ണുനീരിന് ചിറകെട്ടി. പെയ്യാൻ വെമ്പുന്ന കാർമേഘംപോലെയുള്ള കരളും മനസ്സുമായി കോടതി വരാന്തയിൽ വിദൂരത്തിൽ നോക്കി നിൽക്കയാണ്. കേസിന്റെ അവധിയും കേട്ട് കാറിലേക്കുകയറുന്ന ലിസി വെറുതെയൊന്നു പാളിനോക്കി ജോസഫിന്റെ മുഖത്തേക്ക്. ആയിരം ചോദ്യങ്ങളുണ്ടായിരുന്നു ആ നോട്ടത്തിന്. ഒരു ചോദ്യം ജോസഫിന് മനസ്സിലായി. "ഇത്രമാത്രം എനിക്കെതിരായി കോടതിയിൽ പറയുവാൻ എങ്ങനെ മനസ്സുതോന്നി"? ലിസ്സിയോട് പകയുണ്ടായിരുന്നെങ്കിലും അവളുടെ നോട്ടത്തിൽ ജോസഫ് പതറിപ്പോയി.

കോടതിയിൽ നിന്നുള്ള മടക്കയാത്രയിൽ അന്നുനടന്ന സംഭവത്തെക്കുറിച്ച് ജോസഫ് ചിന്തിച്ചു. എങ്കിലും അവൾക്കെന്നോട് പറഞ്ഞിട്ട് ആ പണം നൽകാമായിരുന്നു. അളിയന് എന്നോട് ചോദിക്കാമായിരുന്നു. ഒക്കെ പോകട്ടെ; ഇക്കാര്യം ചോദിച്ച എന്നോട് കയർത്ത് സംസാരിച്ചപ്പോഴല്ലെ ഞാൻ തല്ലിയത്. ആദ്യമായിട്ടാണ് അങ്ങനെ സംഭവിക്കുന്നത്. തല്ലിയപ്പോൾ അവൾ പറയുന്നു, ശരീരത്തിനേറ്റ നൊമ്പരത്തെക്കാൾ മനസ്സിനാണ് ഏറ്റതെന്ന്. അവളുടെ തർക്കുത്തരമല്ലെ എന്നെക്കൊണ്ടത് ചെയ്യിച്ചത്. പെണ്ണുങ്ങൾ അടങ്ങിയൊതുങ്ങി കഴിയേണ്ടതല്ലെ. ഈ ന്യായീകരണങ്ങളൊക്കെ ജോസഫ് ചിന്തിക്കുമ്പോഴും എവിടെയോ ഒരു കുറ്റബോധം മനസ്സിനെ നീറ്റുന്നുണ്ടെന്നുള്ള അറിവ് മനഃപൂർവ്വം അവഗണിച്ചു. വക്കീല് പറഞ്ഞപ്പോൾ പൊടിപ്പും തൊങ്ങലും വച്ച് അവൾ മനസ്സറിയാത്ത കാര്യങ്ങളും താൻ ആരോപിച്ചത് തെറ്റായിപ്പോയോ എന്നൊരു സന്ദേഹം ജോസഫിന്. പിരിയണമെന്നൊന്നും ഇപ്പോൾ തോന്നുന്നില്ല എന്നൊരു ചിന്ത ജോസഫിനെ ഭരിക്കുന്നുണ്ടോയെന്ന് അറിയില്ല. എങ്കിലും ഞാൻ അവളുടെ ഭർത്താവല്ലെ. ഒരിക്കലല്ലെ തല്ലിയുള്ളൂ. അവൾക്കു ക്ഷമിക്കാമായിരുന്നു. ഇറങ്ങിപ്പോയത് ശരിയായില്ല.

വീട്ടിലെത്തിയ ലിസ്സി പൊട്ടിക്കരഞ്ഞുകൊണ്ട് കിടക്കയിലേക്കു വീഴുകയായിരുന്നു. അമ്മയുടെയും ആങ്ങളയുടെയും നാത്തൂന്റെയും ആശ്വാസവാക്കുകൾക്ക് അതീതമായിരുന്നു അവളുടെ സങ്കടങ്ങൾ. എങ്കിലും ജോസച്ചായൻ ഞാൻ മനസ്സറിയാത്ത കാര്യങ്ങൾ പറഞ്ഞുവല്ലോ. എന്നെ ഉപേക്ഷിക്കുവാൻ തക്കകാരണം എന്താണ്? അതിന് മനസ്സുവന്നല്ലോ? എന്നെ തല്ലിയതുകൊണ്ടല്ലെ ഞാൻ ഇറങ്ങിപ്പോന്നത്. ആദ്യമായിട്ട് തല്ലുകിട്ടിയപ്പോൾ ശരീരത്തെക്കാൾ മനസ്സിനേറ്റ മുറിവല്ലേ ഇറങ്ങിപ്പോകാൻ കാരണം. എന്നെ ഒന്നു തിരിച്ചുവിളിച്ചിരുന്നെങ്കിൽ; ഒരു മെസ്സേജ് എങ്കിലും ഇട്ടിരുന്നെങ്കിൽ ഞാൻ തിരിച്ചുചെല്ലുമായിരുന്നല്ലോ.

ലിസ്സിയുടെ മനസ്സിൽ ഒമ്പതും ആറും വയസ്സുള്ള ചാക്കോച്ചന്റെയും അന്നമ്മയുടെയും മുഖം കത്തുന്ന നോവായിരിക്കയാണ്. എത്ര ദിവസമായി പൊന്നുമക്കളുടെ മുഖം ഒന്നു കണ്ടിട്ട്. വാരിയെടുത്ത് ചുംബിക്കുവാനുള്ള കൊതി അടങ്ങുന്നില്ല. ബുദ്ധിമോശമായിപ്പോയി ഇറങ്ങിപ്പോന്നത്. ടോമിച്ചായൻ പലപ്രാവശ്യം ജോസ്ച്ചായനെ വിളിച്ചതാണ്. എപ്പോഴും പരിധിക്കുപുറത്ത്. ഞാനും വിളിച്ചതല്ലെ. ജോസ്ച്ചായനെ കിട്ടാതെവരികയും ടോമിച്ചായന്റെ ആവശ്യം അത്ര അടിയന്തിരവുമായിരുന്നതുകൊണ്ടല്ലെ ജോസ്ച്ചായൻ എന്നെ ഏല്പിച്ച പണം ഞാൻ കൊടുത്തത്. ഇന്നുവരെ ജോസ്ച്ചായൻ അറിയാതെ ഞാൻ എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

പണം കൊടുത്തതിലല്ല; എന്റെ ന്യായീകരണമാണ് തർക്കുത്തരമായി ജോസ്ച്ചായന് തോന്നിയതും അദ്ദേഹത്തെ ചൊടിപ്പിച്ചതും. അല്ലെങ്കിലും ഭൂമിയിൽ ഏതെങ്കിലും സ്ത്രീകൾ തങ്ങൾ ചെയ്ത തെറ്റിനെ ഒറ്റയടിക്ക് സമ്മതിച്ചുകൊടുത്തിട്ടുണ്ടോ? എന്റെ വീട്ടിൽ ജോസ്ച്ചായൻ എന്നെ ഏല്പിച്ച പണം ചിലവഴിക്കുവാൻ എനിക്കു അവകാശമില്ലെ? ഞാൻ മോഷ്ടിച്ചതൊന്നുമല്ലാ. വന്ന ഉടനെ പണം കൊടുത്ത കാര്യം പറയുകയും ചെയ്തില്ലേ; വെറുതേക്കാരോട് പറയുന്നതുപോലെയാണോ എന്നോട് പറയുന്നത്. ഞാൻ വെറുതെ കേറി വന്നതൊന്നുമല്ലല്ലോ. അന്തസ്സായിട്ട് നാലാൾ അറിഞ്ഞും പണവും സ്വർണ്ണവും കൊണ്ടുതന്നെയാ ഞാൻ വന്നത്. ഞാൻ വേലക്കാരിയൊന്നുമല്ലല്ലോ?

എങ്കിലും മക്കളെ കാണാത്തതിന്റെ വേദന ലിസ്സിയെ വല്ലാതങ്ങ് പൊള്ളിച്ചുകളഞ്ഞു. ജോസ്ച്ചായൻ വന്നു വിളിച്ചിരുന്നുവെങ്കിൽ ഈ കേസും വഴക്കും വേണ്ടെന്നുവച്ച് അങ്ങുപോകാമായിരുന്നു

**വ്യക്തികളുടെ ജയം കുടുംബത്തിന്റെ തോൽവി.**

ഈ കഥയിലെ ജോസഫിനും ലിസ്സിക്കും തോറ്റുകൊടുക്കുവാൻ മനസ്സില്ല. അവരവരുടെ തെറ്റുകൾക്ക് ന്യായീകരണമുണ്ട്. അവരുടെ ഈഗോ അവരെ കാർന്നുതിന്നുന്ന കാൻസർ ആണ്. കുടുംബ ജീവിതത്തിന്റെ തകർച്ചയുടെ വാതിലിലാണ് അവർ. വ്യക്തികൾ ജയിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ കുടുംബം പരാജയപ്പെടും. തെറ്റിദ്ധാരണകളാണ് കുടുംബത്തെ പരാജയത്തിലേക്കു നയിക്കുന്നത്. "ഞാൻ എന്ന ഭാവം" കുടുംബത്തിന്റെ അടിത്തറയിളക്കും.

പരസ്പരം ക്ഷമിക്കുവാനും മറക്കുവാനും അതിലുപരി മനസ്സിലാക്കുവാനുമുള്ള സന്നദ്ധതയാണ് കുടുംബജീവിതത്തെ വിജയത്തിലേക്കു നയിക്കുന്നത്. വ്യക്തികൾ ജയിക്കുവാൻ ശ്രമിക്കുന്നിടങ്ങളിൽ കുടുംബത്തിന്റെ തകർച്ച കാണാം. ചാക്കോച്ചന്റെയും അന്നമ്മയുടെ ജീവിതമാണ് മാതാപിതാക്കളുടെ പിടിവാശിക്കുമുൻപിൽ തകർന്നടിയുന്നത്. മാതാപിതാക്കൾ തമ്മിൽ ഇത്രയും വാശിയോടെ വഴക്ക

ടിക്കുന്നത് ആദ്യമായിട്ടാണ് അവർ കാണുന്നത്. അമ്മ ഇറ ങ്ങിയപ്പോൾ രണ്ടുപേരും ഓടിച്ചെന്ന് കെട്ടിപ്പിടിച്ചതാണ്. അമ്മെ ഞങ്ങളെവിട്ട് പോകരുതെയെന്ന് കരഞ്ഞു പറഞ്ഞ താണ്. അപ്പോഴത്തെ വാശിക്ക് ലിസ്സിക്ക് ജയിക്കണമായിരു ന്നു. തോറ്റത് കുടുംബവും. ജോസഫിന് അല്പം കരുണ യോടെ ഈ വിഷയത്തെ സമീപിക്കാമായിരുന്നു. പക്ഷെ ഈഗോ സമ്മതിച്ചില്ല. ഇതല്ലെ ആധുനികകാലത്തെ കുടും ബങ്ങളിൽ സംഭവിക്കുന്നത്.

തന്നെ വിളിച്ചിട്ട് കിട്ടാതിരുന്നതിനാലും ടോമിയുടേത് അടിയന്തര സാഹചര്യമായിരുന്നതിനാലും തന്റെ അനുവാദം കിട്ടുമെന്ന പ്രതീക്ഷയിലാണ് ലിസ്സി പണം കൊടുത്തത് എന്ന് ജോസഫിന് ചിന്തിക്കാമായിരുന്നു. എന്നാൽ തന്റെ പുരുഷമേധാവിത്വ മനോഭാവം ലിസ്സിയുടെ പ്രവൃത്തി അഹ ന്തയായും ചോദിച്ചപ്പോഴുള്ള മറുപടി ധിക്കാരമായും കാണു വാൻ ജോസഫിനെ പിശാച് പ്രേരിപ്പിച്ചു. ഒന്നു ക്ഷമിച്ചിരു ന്നുവെങ്കിൽ രണ്ടുപേർക്കും തെറ്റിൽ നിന്നും ഒഴിയാമായിരു ന്നു. പകരം അവരവരുടെ വശങ്ങളിൽ നിന്നു മാത്രമാണ് രണ്ടുപേരും ചിന്തിച്ചത്.

പലയിടങ്ങളിലും മാതാപിതാക്കളുടെ വഴക്കിനിടയിൽ തകരുന്നത് മക്കളുടെ ജീവിതമാണ്. വ്യക്തികളുടെ വിജയം ലക്ഷ്യമാക്കിയുള്ള പരാക്രമത്തിൽ മക്കളുടെ തകർച്ചയെക്കു റിച്ച് യാതൊരുവിധ ചിന്തയും അവരെ അലട്ടാറില്ല. അവ രുടെ സങ്കടങ്ങളും ഒറ്റപ്പെടലും കുറ്റപ്പെടുത്തുമ്പോളും അവ ഗണിക്കപ്പെടുമ്പോഴും ഏറുകയാണ്. സ്ക്കൂളിലും വീട്ടിലും നാട്ടിലും ഈ കുഞ്ഞുങ്ങൾ അനുഭവിക്കുവാൻ പോകുന്ന അവഗണനയെക്കുറിച്ച് ഒരാളെങ്കിലും ചിന്തിച്ചിരുന്നുവെങ്കിൽ കോടതിയിലേക്ക് അവരുടെ ജീവിതം വലിച്ചിഴയ്ക്കപ്പെ ടില്ലായിരുന്നു.

വിട്ടുകൊടുക്കുവാനും തോറ്റുകൊടുക്കുവാനും തയ്യാ റാകുമ്പോഴാണ് കുടുംബം വിജയിക്കുന്നത്. പലപ്പോഴും നമ്മി ലുള്ള ഈഗോ ഇതിന് സമ്മതിക്കാറില്ല. പകരം നമുക്കു നഷ്ടമാകുന്നത് ഓമനിച്ചുകൊണ്ടുവരുന്ന നമ്മുടെ കുടുംബം തന്നെയാണ് 'ഞാൻ' എന്ന ചിന്ത വിട്ട് 'ഞങ്ങൾ' എന്ന ചിന്ത യിലേക്ക് വളരുവാൻ കഴിയണം. ഇവിടെ ജോസഫിന്റെ അധീശത്വമനോഭാവമാണ് ലിസിയെ തല്ലുവാൻ പ്രേരിപ്പിച്ച ത്. ലിസ്സിയുടെ അഹന്തയാണ് ജോസഫിനെ ചൊടിപ്പിച്ചത്. രണ്ടുപേരുടെയും സ്വാർത്ഥതക്കിടയിൽ ചാക്കോച്ചനും അന്ന മ്മയും ഞെരിഞ്ഞമരുന്നു. ആ ഓമനകളെയൊന്നു വാരിപ്പു ണരാൻ ലിസ്സി കൊതിക്കുന്നു. അമ്മയുടെ അസാന്നിദ്ധ്യ ത്തിൽ മക്കളെ വളർത്തുവാൻ അറിയാതെ ജോസഫ് കുഴ യുന്നു. ഈ സാഹചര്യത്തിൽ കുഞ്ഞുങ്ങൾ അവർപോലും അറിയാതെ മാതാപിതാക്കളിൽ നിന്നും അകന്നുകൊണ്ടിരി ക്കുന്നു.

ദൈവം കൂട്ടിച്ചേർത്തതാണ് തന്റെ ജീവിത പങ്കാളി യെന്ന് ചിന്തിച്ചിരുന്നുവെങ്കിൽ ഇത്തരം ബുദ്ധിമോശം രണ്ടു പേരുടെ ഭാഗത്തുനിന്നും ഉണ്ടാകില്ലായിരുന്നു. ദൈവികചിന്ത നഷ്ടമാകുമ്പോൾ പിശാചിന്റെ പ്രേരണയ്ക്കു വംശവദരാ കുന്നു. തന്റെ അപൂർണ്ണതയെ പൂർണ്ണമാക്കുന്ന ജീവിതപ ങ്കാളിയുടെ മുൻപിൽ തോറ്റുകൊടുക്കുന്നത് ഒരു സന്തോഷ മാണെന്ന് കരുതണം. യോഹന്നാൻ സ്നാപകൻ പറഞ്ഞു "ഞാനോ കുറയണം; അവനോ വളരേണം" ഈ ചിന്ത ദമ്പ തികളെ ഭരിക്കണം. ക്രിസ്തു കാൽവറിയിൽ സ്വയം സമർപ്പി ച്ചപോലെ ജീവിത പങ്കാളിയുടെ മുൻപിൽ സമർപ്പിക്കുന്ന വ്യക്തിത്വം രൂപപ്പെടുത്തുകയാണ് ഏറ്റവും ശ്രേഷ്ടമായ പ്രവൃത്തി.

കുടുംബത്തിന്റെ വിജയത്തിനും കെട്ടുറപ്പിനും വേണ്ടി തോറ്റുകൊടുക്കുവാൻ മത്സരിക്കുന്നവരുടെ കൂട്ടായ്മയാകട്ടെ കുടുംബം. അങ്ങനെയുള്ള കുടുംബം മാതൃകയായിരിക്കും. കുടുംബാംഗങ്ങളുടെ ആത്യന്തികമായ ലക്ഷ്യം കുടുംബ ത്തിന്റെ നന്മയായിരിക്കണം. അതിനുവേണ്ടി വ്യക്തിപരമായി കഷ്ടവും കോട്ടവും സഹിക്കുവാൻ സന്നദ്ധരാകണം. "ഓരോരുത്തൻ സ്വന്തഗുണമല്ല; മറ്റുള്ളവന്റെ ഗുണം കൂടി നോക്കണം. ക്രിസ്തുയേശുവിലുള്ള അതേഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലി.2:4,5) ഈ മനോഭാവം കുടുംബത്തിന്റെ വിജയം ഉറപ്പാക്കും, ദൈവസ്നേഹം കുടും ബത്തെ സ്വർഗ്ഗമാക്കും.

(തുടരും)

## പ്രകൃതിയും വികസനവും സെമിനാർ



ക്രിസ്ത്യൻ പ്രസ്സ് അസ്സോസിയേഷന്റെ പ്രകൃതിയും വികസനവും സെമിനാർ ഡോ. സാമുവേൽ മാർ ഐ റേനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. റിങ്കൂ ചെറിയാൻ, ഷാജി തേക്കാട്ടിൽ, സുവി. തോമ സ്കുട്ടി പുന്നൂസ്, സജി ചാക്കോ, ഫാ. പ്രസാദ് കോവൂർ കോർഎപ്പിസ്കോപ്പ, രാജു ഏബ്രഹാം എം.എൽ. എ, ഫാ. റോയി മാത്യു കോർ എപ്പിസ്കോപ്പ, ആലിച്ചൻ ആറൊന്നിൽ, സ്മിജു മറ്റയ്ക്കാട്ട്, ജോമോൻ കൊച്ചേത്ത്, ഡോ. ജോസ് പാറക്കടവിൽ, ജേക്കബ് പുന്നമൂട്ടിൽ എന്നിവർ സമീപം.




# പുതുവർഷം മാറ്റത്തിന്റെ നാളുകൾ ആകണം

ഫാ. തോമസ് ഏബ്രഹാം മലേച്ചേരിൽ

കേരളജനത വലിയ ഒരു ജലപ്രളയത്തെ അതിജീവിച്ച് സാധാരണ നിലയിലേക്ക് മടങ്ങി വരുന്ന നാളുകളാണിത്. 2018, ചില നഷ്ടങ്ങളുടെ കഥ പറയുമെങ്കിലും അതിലുപരിയായി ചില തിരിച്ചറിവിന്റെ പാഠങ്ങളും നമുക്ക് നല്കുന്നുണ്ട്. ഈ നല്ല ഓർമ്മകൾ നമുക്ക് മുമ്പോട്ട് ജീവിക്കാനുള്ള ചാലക ശക്തിയായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 2019 ദൈവം നമുക്ക് നല്കിയിരിക്കുന്നത് കഴിഞ്ഞ കാലത്തെ പാഠങ്ങളെ ഉൾക്കൊണ്ടുകൊണ്ട് നന്മ നിറഞ്ഞ നല്ല നാളുകളെ പടുത്തുയർത്തുവാനാണ്.

ദൈവം മനുഷ്യനു നല്കിയിരിക്കുന്ന നല്ല രണ്ടു കഴിവുകളാണ് ഓർക്കുവാനും മറക്കുവാനും ഉള്ള സ്വഭാവം. ആവർത്തന പുസ്തകം 8-ാം അദ്ധ്യായത്തിൽ കഴിഞ്ഞ 40 സംവത്സരം ഇസ്രായേൽ ജനത്തെ മരുഭൂമിയിലൂടെ ദൈവം നടത്തിയ വിധങ്ങളെ ഓർക്കണമെന്ന് മോശയിലൂടെ യഹോവയായ ദൈവം ജനത്തെ അറിയിക്കുന്നു. "ഈ 40 സംവത്സരം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചു പോയില്ല; നിന്റെ കാൽ വീങ്ങിയതുമില്ല".

ഒരു മനുഷ്യൻ തന്റെ മകനെ ശിക്ഷിച്ചുവളർത്തുന്നതുപോലെ നിന്റെ ദൈവമായ യഹോവ നിന്നെ ശിക്ഷിച്ചു വളർത്തുന്നു എന്ന് നീ മനസ്സിൽ ധ്യാനിച്ചുകൊള്ളണം. (ആവ. 8:4-5).കഴിഞ്ഞകാല ജീവിതത്തിലെ ഓർമ്മകൾ ഒരു ധ്യാനമായി തീരണമെന്ന് യഹോവയായ ദൈവം ഇവിടെ കല്പിക്കുന്നു.

2018 നമുക്ക് നഷ്ടങ്ങളുടെയും വേദനകളുടെയും ഭയത്തിന്റെയും കഥകൾ പറയുവാനുണ്ടെങ്കിലും ഇവയുടെ നടുവിൽ ദൈവം പ്രദാനം ചെയ്ത സംരക്ഷണത്തെ മറക്കരുത്. പ്രളയം നമ്മുടെ മീതെ കവിയാതെ അവൻ നമ്മെ സംരക്ഷിച്ചു. കൂടാതെ നന്മയുള്ള അനേകം ആളുകൾ ഇന്നും ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നു എന്ന് അവൻ നമുക്ക് കാണിച്ചുതന്നു. അത് ആരോടും പരിഭവവും പരാതിയും ഇല്ലാത്ത നാളുകൾ ആയിരുന്നു, ഉള്ളത് പരസ്പരം പങ്കുവച്ച നാളുകൾ ആയിരുന്നു, അഹങ്കാരം ലേശം ഇല്ലാത്ത നാളുകൾ ആയിരുന്നു, പ്രാർത്ഥനയുടെ ശക്തി തിരിച്ചറിഞ്ഞ നാളുകൾ ആയിരുന്നു. ഈ നല്ല നാളുകൾ എന്നും നമുക്കുണ്ടാകുമ്പോൾ സ്വർഗ്ഗരാജ്യം നമ്മുടെ ഇടയിൽ സംജാതമാകും.

കനാൻ ദേശത്തേക്കുള്ള യാത്രയുടെ അവസാനത്തിൽ ഇസ്രായേൽ ജനത്തോട് യഹോവ ഓർമ്മിപ്പിക്കുന്നത് കഴിഞ്ഞ കാലങ്ങളിൽ ദൈവം നിന്നെ അത്ഭുതകരമായ് നടത്തിയ വിധം ഒക്കെ നീ ഓർക്കണം എന്നാണ്. 2018 ൽ അത്ഭുതകരവും അതിശയകരവുമായ് നമ്മെ നടത്തിയ ദൈവത്തെ നാം മറക്കരുത്. ഓർത്ത് ഓർത്ത് ഓർമയാകുന്നതാണ് ക്രൈസ്തവ ജീവിതം. ഓർമ്മകൾ നഷ്ടപ്പെടുന്നിടത്ത് ബലിപീഠവും നഷ്ടപ്പെടും.

കഴിഞ്ഞ കാലത്തെ ഈ നല്ല പാഠങ്ങൾ മുൻപോട്ടുള്ള യാത്രയ്ക്കു നമുക്ക് ശക്തിയേകണം. മാറ്റങ്ങളെ ഉൾക്കൊണ്ടു കൊണ്ട് മനുഷ്യരെയും പ്രകൃതിയേയും സംരക്ഷിക്കുന്ന ഒരു പുതിയ ലോകത്തെ സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കണം. ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യരിൽ നിലനിന്നിരുന്ന വിവേചനങ്ങൾ കാലാകാലങ്ങളിൽ രൂപപ്പെട്ട നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെ മാറ്റം കുറിച്ചുവെങ്കിൽ ഇതിന്റെ മറ്റൊലികൾ ഇന്നും അനിവാര്യമാണ്. വർണ്ണ-വർഗ്ഗ-ലിംഗ വ്യത്യാസങ്ങളുടെ പേരിൽ മനുഷ്യൻ ചൂഷണം ചെയ്യപ്പെടുമ്പോൾ ദൈവരാജ്യത്തിന്റെ മർമ്മം നമ്മെ എങ്ങനെ സ്വാധീനിക്കും എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അതിജീവനം മനുഷ്യരുടെ ഭൗതിക ആവശ്യങ്ങളുടെ സാക്ഷാത്ക്കാരം മാത്രമല്ല മറിച്ച് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുകയാണ്. അതാണ് ക്രിസ്തു സ്ഥാപിച്ച യഥാർത്ഥ ദൈവരാജ്യമെന്നത്. അത് ഭക്ഷണവും പാനീയവുമല്ല മറിച്ച് നീതിയും സമാധാനവുമാണ്. ദൈവരാജ്യമൂല്യങ്ങൾ സംരക്ഷിക്കുക എന്നതാണ് ഓരോ വിശ്വാസിയുടെയും ദൗത്യം. ഈ ദൗത്യ സാക്ഷാത്ക്കാരം നമ്മെ നല്ല ഫലമുള്ളവരാക്കി മാറ്റും. "കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായ് കായിപ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴിയുകയില്ല' (യോഹ.15:5) എന്നത് ക്രിസ്തു ഓർമ്മിപ്പിക്കുന്നത് അധികം ഫലം കായ്ക്കേണ്ട ജീവിതത്തെ കുറിച്ചാണ്. ക്രിസ്തു ആകുന്ന മുന്തിരിവള്ളിയിലെ കൊമ്പുകളാകുന്ന നാം അധികം ഫലം കായിക്കുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ഫലം വൃക്ഷത്തിന്റെ സാക്ഷാത്ക്കാരം ആണ്. മനുഷ്യജീവിതത്തിലെ പരസ്പര സ്നേഹമാണ് ക്രിസ്തു ആവശ്യപ്പെടുന്ന ഫലം. ആയതിനാൽ പരസ്പരം കരുതുന്ന, സ്നേഹിക്കുന്ന, സംരക്ഷിക്കുന്ന ജീവിതങ്ങളാണ് ഓരോ കാലഘട്ടത്തിലേയും ഫലം ഉള്ള ജീവിതങ്ങൾ.

കഴിഞ്ഞകാല ജീവിതത്തിൽ നഷ്ടപ്പെട്ടുപോയ സ്നേഹവും മനുഷ്യത്വവും തിരികെ പിടിക്കുവാൻ ദൈവം നമുക്ക് നല്കിയിരിക്കുന്ന ഒരവസരമായിട്ട് പുതിയ വർഷത്തെ നമുക്ക് കാണാം. അറ്റു പോയ ബന്ധങ്ങളെ വിളക്കിച്ചേർക്കുവാൻ നമുക്ക് ഒരവസരം കൂടി ലഭിച്ചിരിക്കുന്നു. മറന്നുപോയ പ്രാർത്ഥനകളെ ഓർത്തെടുക്കുവാൻ ഒരവസരം കൂടെ നമുക്ക് ലഭിച്ചിരിക്കുന്നു. മറന്നുപോയ അടിമത്വത്തിന്റെ കെട്ടുകളെ തകർത്ത് ദൈവീക സ്വാതന്ത്ര്യത്തിന്റെ മാറ്റൊലികളായ് മാറുവാൻ ഒരവസരംകൂടി നമുക്ക് ലഭിച്ചിരിക്കുന്നു. 2019 മാറ്റത്തിന്റെ നാളുകളായ് പരിണമിക്കാൻ നമുക്ക് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം.

# വോൾട്ടയർ
# ചിരിക്കുന്ന തത്വജ്ഞാനി

എബി



ജീവിതത്തിൽ ധാരാളം കയറ്റങ്ങളും ഇറക്കങ്ങളും കയറിയിറങ്ങിയ ഒരു ബഹുമുഖ പ്രതിഭയാണ് വോൾട്ടയർ. അദ്ദേഹം ഫ്രാൻസിലെ പ്രശസ്തനായ ചരിത്രകാരനും തത്വജ്ഞാനിയും മാത്രമല്ല അംഗീകരിക്കപ്പെട്ട ശാസ്ത്രജ്ഞനും നാടക കർത്താവും കവിയും നർമ്മം തുളുമ്പുന്ന ഭാഷയിൽ എഴുതുന്ന എഴുത്തുകാരനുമായിരുന്നു. അദ്ദേഹത്തിന്റെ ആക്ഷേപഹാസ്യം ആസ്വദിക്കുവാൻ ധാരാളം പേർ ഉണ്ടായിരുന്നുവെങ്കിലും വരേണ്യ വർഗ്ഗത്തെ അത് ചൊടിപ്പിച്ചിരുന്നു. അതുകൊണ്ട് സ്വാഭാവികമായും ഫ്രാൻസിൽ അദ്ദേഹത്തിന് ധാരാളം എതിർപ്പുകളെ നേരിടേണ്ടിവന്നു.

പാരീസിലെ ഒരു മദ്ധ്യവർഗ്ഗത്തിലായിരുന്നു വോൾട്ടയറുടെ ജനനം. യഥാർത്ഥ പേര് ഫ്രാങ്കോയ്സ് മാരി ആരോയേറ്റ്. 1694 നവംബർ 27 ന് ഫ്രാങ്കോയ്സ് ആരോയെറ്റ് മേരി മാർഗരറ്റ് ദമ്പതികളുടെ അഞ്ചുമക്കളിൽ ഇളയവനായി പിറന്നു. ചെറുപ്രായത്തിൽതന്നെ ലാറ്റിൻ ഗ്രീക്ക് ഭാഷകൾ പഠിച്ചു. പിന്നീട് സ്പാനിഷും ഇറ്റാലിയനും ഇംഗ്ലീഷും സ്വായത്തമാക്കി പ്രാവീണ്യം നേടി. ബാല്യം മുതലുള്ള ആഗ്രഹം ഒരു എഴുത്തുകാരനാകണമെന്നായിരുന്നു. എന്നാൽ അച്ഛൻ മകനെ വക്കീലാക്കാനുള്ള ശ്രമത്തിൽ നിയമം പഠിക്കാനയച്ചു. എഴുത്തും കലാവാസനയും വോൾട്ടയറെ സമൂഹത്തിലെ ഉന്നതർക്കിടയിൽ സ്ഥാനമുറപ്പിക്കാൻ സഹായിച്ചു. കവിയും വിജ്ഞാനിയുമെന്ന നിലയിൽ ചക്രവർത്തി കുടുംബത്തിനും അദ്ദേഹം പ്രിയങ്കരനായി. ഇതിനിടയിൽ നെതർലണ്ടിലെ ഫ്രഞ്ച് അംബാസിഡറുടെ സെക്രട്ടറിയായി വോൾട്ടയർ നിയമിതനായി. അവിടെ ഫ്രഞ്ച് അഭയാർത്ഥി കാതറിനുമായി പ്രണയത്തിലായി. ഇതറിഞ്ഞ അച്ഛൻ വോൾട്ടയറെ തിരികെ ഫ്രാൻസിലേക്കു വിളിച്ചു. വീണ്ടും തന്റെ സ്വതസിദ്ധമായ എഴുത്തിൽ സജീവമായപ്പോൾ, ലൂയി പതിന്നാലാമനുവേണ്ടി ഭരണം നടത്തുന്ന റീജന്റ് റാണിയെ വിമർശിച്ചതിന്റെ പേരിൽ തടവിലായി. അവിടെ കവിയിൽനിന്നും ഒരു തത്വജ്ഞാനി രൂപപ്പെടുകയായിരുന്നു. സ്ഥാപനവൽക്കരിക്കപ്പെടുന്ന ഈശ്വരവിശ്വാസത്തെയും രാഷ്ട്രീയത്തെയും അദ്ദേഹം പരിഹസിച്ചു. പ്രപഞ്ചത്തിന്റെ താളക്രമങ്ങളെ നിയന്ത്രിക്കുന്ന ഒരു ദിവ്യ ശക്തിയിൽ വിശ്വാസം ഉറപ്പിച്ചു.



''ഒയ്ഡിപിക്'' എന്ന നാടകം എഴുതിയതോടെ ഫ്രാൻസിൽ അദ്ദേഹത്തിന്റെ പ്രശസ്തി ഉയർന്നു. അതിനു ശേഷമാണ് തന്റെ പേര് വോൾട്ടയർ എന്നാക്കി മാറ്റിയത്. പ്രശസ്തി ഉയരുന്നതിനോടൊപ്പം എതിർപ്പുകളും വളർന്നു. വീണ്ടും അധികാരികൾ അദ്ദേഹത്തെ നാടുകടത്തിയതോടെ 1726 മുതൽ 1729 വരെ ഇംഗ്ലണ്ടിൽ താമസിച്ചു.

ഫ്രാൻസിൽ തിരിച്ചെത്തിയ വോൾട്ടയർ സാഹിത്യ ജീവിതം അതിശക്തമായി പുനരാരംഭിച്ചു. അന്നാണ് 'ഫിലോസഫിക്കൽ ലറ്റേഴ്സ് ഓൺ ഇംഗ്ലീഷ് എഴുതിയ ത്. അത് പണ്ഡിതവർഗ്ഗത്തിന്റെ കോപത്തെ ജ്വലിപ്പിച്ചു. പുസ്തകത്തിന്റെ കോപ്പികൾ കത്തിച്ച് പ്രതിഷേധിക്കാൻ തുടങ്ങിയതോടെ വീണ്ടും നാടു കടത്തപ്പെട്ടു. 1734 മുതൽ 1749 വരെയുള്ള, കാലഘട്ടം പൂർണ്ണമായും 'എമിലി ഡ്യൂചാറ്റലേറ്റുമൊത്ത് ജീവിച്ചു. ആയിടക്ക് ധാരാളമായി എഴുതി.1738ൽ അദ്ദേഹം 'എലമെന്റസ് ഓൺ ന്യൂട്ടൺ ഫിലോസഫി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ദാർശനികവും ചരിത്രപരവുമായ അനേകം പുസ്തകങ്ങൾ രചിച്ച അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കൃതിയാണ് 'ദി ഫിലോസഫിക്കൽ ഡിക്ഷണറി.'

യുദ്ധങ്ങൾക്കും അധികാര കേന്ദ്രീകരണത്തിനും എതിരായിരുന്നു വോൾട്ടയറുടെ തത്വശാസ്ത്രം. യുദ്ധത്തെപ്പറ്റി അദ്ദേഹം പറയുന്നതിങ്ങനെയാണ്. വിശ്വസാഹോദര്യത്തിൽനിന്നും മനുഷ്യനെ അകറ്റി നിറുത്താനുള്ള ഭരണവർഗ്ഗത്തിന്റെ തന്ത്രങ്ങളാണ് യുദ്ധങ്ങൾ. അറിവ്, നല്ല വ്യക്തിയിൽ നിന്നും നല്ല സാമൂഹ്യ ജീവിയാകാനും, നല്ല പൗരനാകുവാനും മനുഷ്യനെ പ്രാപ്തനാക്കും. തകർക്കുവാനുള്ള ജന്മ വാസനകളെ നിയന്ത്രിച്ച് നിർമ്മിക്കുവാനുള്ള ബോധത്തെ സൃഷ്ടിക്കയാണ് നാം ചെയ്യേണ്ടത്. അതാണ് അറിവ്.

പല സ്ത്രീകളെയും പ്രണയിച്ച് അവരുമൊത്ത് ജീവിച്ചെങ്കിലും വോൾട്ടയർ ആരെയും വിവാഹം കഴിച്ചില്ല. അനശ്വരമായി പ്രണയിച്ച് വിവാഹം ചെയ്തത് അറിവിനെ മാത്രം. പാരീസിൽ മടങ്ങിയെത്തി ജീവിക്കുവാൻ വോൾട്ടയർ ആഗ്രഹിച്ചെങ്കിലും ചക്രവർത്തി ലൂയി XV-ാമൻ നിരോധനമേർപ്പെടുത്തി. അവസാനത്തെ ഇരുപതുവർഷം സ്വിസ് അതിർത്തിയിലുള്ള ഫെർണിയിൽ കഴിച്ചുകൂട്ടി. ഒടുവിൽ 1778ൽ മരണത്തിന്റെ തത്വജ്ഞാനം അറിയാനെന്നോണം സ്വന്തം നാട്ടിൽ തിരിച്ചെത്തി. 1778 മെയ് 30-ന് 'ചിരിക്കുന്ന തത്വജ്ഞാനി' എന്ന് ആരാധകരും 'ചിരിക്കുന്ന സിംഹം' എന്ന് വിരോധികളും പേരിട്ട ആ മഹാ പ്രതിഭ "For God sake let me die in Peace" എന്നു പറഞ്ഞുകൊണ്ട് ഈ ലോകത്തോടു വിട പറഞ്ഞു.പള്ളിയിലെ സെമിത്തേരിയിൽ ശവസംസ്ക്കാരം നിഷേധിക്കപ്പെട്ട അദ്ദേഹത്തെ ഒരു ചെറിയ കപ്പേളയിൽ അടക്കം ചെയ്തു.

ഒടുവിൽ 1791 ൽ ഒരു ലക്ഷം പേർ, 13 വർഷങ്ങൾക്കു മുമ്പ് മൺ മറിഞ്ഞ വോൾട്ടയറുടെ ചാരവും വഹിച്ചുകൊണ്ടുള്ള വിലാപയാത്രയിൽ പങ്കെടുക്കുകയും ആറു ലക്ഷം ജനങ്ങൾ സാക്ഷികളാവുകയും ചെയ്തു. ഫ്രാൻസ് വോൾട്ടയറിനു നൽകിയ ആദരവായിരുന്നത്.



# മാതാപിതാക്കൾ അറിയുവാൻ

അനൂബ് ജോൺ ചക്രവേലിൽ, രാമമംഗലം

ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ കുട്ടികൾ വിവിധ മാനസിക സംഘർഷങ്ങൾക്കും അടിമപ്പെട്ട് പോകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഉത്തമ സുഹൃത്തായി നിന്നുകൊണ്ട് സംഘർഷങ്ങളെ ലഘൂകരിക്കുക എന്നതാണ് രക്ഷകർത്താക്കളുടെ ഉത്തരവാദിത്തം. വളർച്ചയുടെയും വികസനത്തിന്റെയും വിവിധ ഘട്ടങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെയും അവയെ രക്ഷകർത്താക്കൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നും നമുക്ക് പരിശോധിക്കാം.

ഒരുവ്യക്തിയുടെ വളർച്ചയും വികാസവും ഒരേ അർത്ഥമാണ് എങ്കിലും രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. വികാസം എന്ന് പറയുന്നത് ഗുണപരമായ വർദ്ധനവ് ആണ്. പിണ്ഡത്തിലുള്ള വർദ്ധനവാണ് വളർച്ച, ഉദാഹരണത്തിന് മസ്തിഷ്കം വളരുന്നു ബുദ്ധി വികസിക്കുന്നു. വികസനം എന്നത് പാരമ്പര്യത്തേയും സാഹചര്യത്തെയും ആശ്രയിച്ചിരിക്കുന്നു. ജന്മനാ ലഭിക്കുന്ന പാരമ്പര്യങ്ങൾ, പരിസരങ്ങൾ ഇടപെടലുകൾ, സാഹചര്യങ്ങൾ എന്നിവയിലൂടെ വ്യക്തി വികസിക്കുന്നു.

**വളർച്ചയുടെ വിവിധ ഘട്ടങ്ങൾ (വികസനഘട്ടങ്ങൾ)**

പ്രാഗ്ജന്മം (Pre natel Period) ശൈശവം (infancy) ബാല്യം (childhood) കൗമാരം (adole- scence) യൗവ്വനം, വാർദ്ധക്യം (oldage) എന്നിവയാണ് വികസന ഘട്ടങ്ങൾ

**പ്രാഗ്ജന്മം (pre Natel Period)**

അമ്മയുടെ ഉദരത്തിൽ കിടക്കുമ്പോൾ തന്നെ വികസനം ആരംഭിക്കുന്നു. മാതാവിന്റെ ആരോഗ്യം, ആഹാരം, വൈകാരിക അനുഭവം ഇവയെല്ലാം കുട്ടിയുടെ വളർച്ചയെ സ്വാധീനിക്കുന്നു. അമ്മയുടെ പൂർണ്ണ സന്തോഷം എല്ലാവരും ഉറപ്പ് വരുത്തണം. പോഷകാഹാരവും ആരോഗ്യവും ഗർഭസ്ഥ ശിശുവിനെ സ്വാധീനിക്കുന്നു. അമ്മയുടെ ഉദരത്തിൽനിന്ന് പുറത്തേക്ക് വരുകയും പൊക്കിൾക്കൊടിബന്ധം വിഛേദിക്കുന്നതും കുട്ടിക്ക് സ്വതന്ത്രജീവിതം ഉറപ്പു വരുത്തുന്നു.

**ബാല്യം (Childhood)**

വ്യക്തിത്വ വികാസത്തിന്റെ ഘട്ടമാണ് ബാല്യം. നല്ല ബാല്യം ലഭിച്ച വ്യക്തികൾ ജീവിതത്തിൽ വിജയം കൈവരിച്ചിട്ടുണ്ട്. ബാല്യത്തിലെ അറിവുകൾ ശരിയായി ഉപയോഗിച്ച് ജീവിതം സുന്ദരമാക്കാം. ബാല്യത്തെ 3 ആയി തിരിക്കാം. ആദിബാല്യം, മദ്ധ്യബാല്യം അന്ത്യബാല്യം.

അമ്മയാണ് എല്ലാം എന്ന അവസ്ഥയാണ് ശൈശവം. കരയുവാൻ മാത്രം അറിയുന്ന കുഞ്ഞിൽ നിന്ന് നിഷ്കളങ്കമായ ബാല്യത്തിലേക്ക് എത്തുന്നതുവരെ അമ്മയാണ് എല്ലാമെല്ലാം. ബാല്യത്തിലേക്ക് തിരിച്ച് പോക്ക് നാം എല്ലാവരും ആഗ്രഹിക്കും. എന്നാൽ ബാല്യത്തിലുള്ളവർ വലുതാകാൻ ആഗ്രഹിക്കുന്നു. വലുതായാൽ വണ്ടി ഓടിക്കാം. കറങ്ങി നടക്കാം.

**ആദിബാല്യം**

പഞ്ചേന്ദ്രിയങ്ങൾ കൂടുതൽ കാര്യക്ഷമമാകും. സ്പർശനം, മണം തുടങ്ങിയവ തിരിച്ചറിയുന്നു. പിടിവാശിയുടെ കാലം, ശാഠ്യം, കളിപ്പാട്ടങ്ങളെ പ്രണയിക്കുന്ന കാലം, ഓട്ടം, കളികൾ, സംഘം ചേർന്നു ള്ള കളിയിൽ താല്പര്യം കാണിക്കുന്നു. ചോദ്യങ്ങളുടെ ശരവർഷം, ഉത്തരം പ്രശ്നമല്ല.

**മദ്ധ്യബാല്യം**

പഠിക്കാൻ കൂടുതൽ ഉത്സാഹം, യുക്തി പൂർവ്വ ചോദ്യങ്ങൾ ചോദിക്കും വീരകഥകൾ താൽപര്യം. സംഘകളികളിൽ കൂടുതൽ താൽപര്യം.

**പിൽക്കാല ബാല്യം**

വിദ്യാലയജീവിതം സംഘബോധം ഉണ്ടാക്കുന്നു കായിക പ്രവർത്തനങ്ങളിൽ താൽപര്യം, സമപ്രായക്കാരുമായി ചങ്ങാത്തം, സ്ഥിരദന്തം, അസ്ഥികൾ ശക്തമാകും, നിരീക്ഷണം, യുക്തിചിന്ത ഇവയുടെ കാലം.

രക്ഷിതാക്കളോട്

1) നല്ല കേൾവിക്കാരാവുക. ശ്രദ്ധയോടെ കേട്ട് മറുപടി നൽകണം.

2). കുടുംബം എന്ന സുരക്ഷിതത്വം കുട്ടിക്ക് നല്കുക. മാതാപിതാക്കൾ നമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ പറഞ്ഞു തീർക്കുക.

3). മൂല്യങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ പറഞ്ഞു കൊടുക്കുക.

4). കുട്ടികൾക്കൊപ്പം കളിക്കുക.

5). കൂടെ ഇരുത്തി പഠിപ്പിക്കുക വർക്ക് ചെയ്തു കൊടുക്കരുത്, പറഞ്ഞു കൊടുക്കുക.

**കൗമാരം (Adolescence)**

ബാല്യത്തിനും യൗവ്വനത്തിനും ഇടയിലുള്ള പ്രായം. നിഷേധത്തിന്റെ കാലം. തെറ്റുകളുടെ ഘോഷയാത്രകൾ, ഉപദേശിക്കുന്നവരെ എതിർക്കുവാനും മാതാപിതാക്കളിൽനിന്ന് അകന്ന് സ്വാശ്രയ ജീവിതത്തിന് ശ്രമിക്കുന്ന കാലം. വ്യക്തിത്വ സ്ഥാപനത്തിന്റെയും, ലൈംഗീക പക്വതയുടെയും കാലം, എതിർലിംഗക്കാരോട് താല്പര്യം, അറിയുവാനുള്ള ആഗ്രഹം തീവ്രം. വിവാഹജീവിതം സ്വപ്നം കാണുക പതിവ്.

പ്രജനനശേഷി കൈവരിക്കുന്നകാലം. ശരീരം അതിവേഗം വളർന്ന് വലുതാകും. ശബ്ദവ്യതിയാനവും, രോമവളർച്ചയും, മീശ വളർച്ചയും ലിംഗവളർച്ചയും ആൺകുട്ടികളിൽ പ്രകടമാകുന്നു. പെൺകുട്ടികളിൽ നിതംബ വളർച്ച സൗന്ദര്യവർദ്ധനവ്, രോമ വളർച്ച, സ്തനവളർച്ച ഗുഹ്യരോമത്തിന്റെ വളർച്ചയും ശരീരവളർച്ചയും പ്രകടമാകുന്നു. ആൺ പെൺകുട്ടികൾ തമ്മിൽ വൈകാരിക അടുപ്പം തുട

ങ്ങുന്നത് ഈ കാലഘട്ടത്തിലാണ്. ലൈംഗിക വികാരങ്ങൾ അവരെ അലട്ടുന്നു. ആൺകുട്ടികളിൽ സ്ഖലനവും പെൺകുട്ടികളിലെ ആർത്തവവും പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആൺകുട്ടികൾ സ്വയം ഭോഗത്തിലേക്കും പെൺകുട്ടികൾ സ്വയം പ്രദർശനത്തിലേക്കും സഞ്ചരിക്കാം. എതിർ ലിംഗത്തെക്കുറിച്ച് അറിയുവാനുള്ള ആകാംക്ഷ, അബദ്ധത്തിലെത്താനുള്ള സാധ്യത കൂടുതൽ. അപക്വമായ അറിവുകൾ സൃഷ്ടിക്കുന്ന പ്രശ്നം. കൂടുതൽ അറിയുവാൻ പോൺസൈറ്റുകളും ആശ്രയിക്കാം. സമൂഹം തെറ്റിലേക്ക് നയിപ്പിക്കാം സ്നേഹം, അംഗീകാരം, സുരക്ഷിതത്വം, ലൈംഗീക ആഗ്രഹം ഇവ ആഗ്രഹിക്കുന്നു. ലഭിക്കാതെ വരുമ്പോൾ സാമൂഹിക വിരുദ്ധ പ്രവർത്തനം, ഒളിച്ചോട്ടം ഇവ സംഭവിക്കുന്നു.

**രക്ഷിതാക്കളോട്**

1) പരിവർത്തനത്തിന്റെ കാലം ആരോഗ്യവളർച്ചയ്ക്ക് ആവശ്യമാണങ്കിലും അവ കുട്ടികളുടെ ധിക്കാരം ആയി കാണരുത്.

2). കുട്ടികളുടെ പ്രശ്നങ്ങളെ സമചിത്തതയോടെ കൈകാര്യം ചെയ്യുക.

3). ലൈംഗിക വികാരങ്ങളുടെ പിടിയിൽപെട്ടാൽ ചൂഷണം ചെയ്യപ്പെടാം.

4). ആത്മാനിദാനം കൂടുതൽ ഉണ്ട് എടുത്ത്ചാട്ടം സ്വാഭാവികം.

5). മാതാപിതാക്കൾക്ക് സ്നേഹം ഇല്ല എന്ന് കരുതി വ്യാജ സ്നേഹത്തിൽപ്പെടാം.

6). ഒളിച്ചോടാനുള്ള സാധ്യത തള്ളിക്കളയരുത്.

7). ചോദ്യങ്ങൾക്ക് ഉത്തരം നല്കുക. കായിക പരിശീലനത്തിന് വിടുക.

**യൗവ്വനം**

ആവേശവും ചോരതിളപ്പും നിറഞ്ഞ പ്രായം, പക്വതയുടെ കാലം, യൗവ്വനത്തിൽ ജീവിത മധുരവും കയ്പ്പും ഒരുപോലെ അറിയും. ഗൗരവപ്രണയ കാലം. വലിയ സുഹൃത്ത് വലയങ്ങളുടെയും കറക്കത്തിന്റെയും കാലം. ബാധ്യതകളുടെ കൂമ്പാരം ചിലപ്പോൾ പേറുന്ന കാലം ജീവിതം കൂട്ടി മുട്ടിക്കുവാൻ നെട്ടോട്ടം ഓടുന്ന കാലം. കുടുംബബന്ധങ്ങളുടെ വിലയറിയുന്ന, കാലം കഷ്ടപ്പാടിന്റെയും അലച്ചിലിന്റെയും കാലം.

**വാർദ്ധക്യം**

ആവേശത്തിനും ആഘോഷത്തിനും അർദ്ധവിരാമമിടുന്ന കാലം, വിശ്രമത്തിന്റെകാലം. ഒറ്റപ്പെടലിന്റെകാലം, നഷ്ടം വന്ന കൗമാരത്തെയും യൗവ്വനത്തെയും ബാല്യത്തെയും ഓർക്കുന്നകാലം, ധിക്കാര പൂർവ്വം പ്രതികരിച്ച മാതാപിതാക്കളുടെ വിലയറിയുന്നകാലം, കൊച്ചുമക്കളെ പോറ്റി വളർത്തുന്ന കാലം.

No one is perfect. No parent is perfect, no child is perfect. ആരും പൂർണ്ണരല്ല. മക്കളെ സ്നേഹിച്ചും, അവരുടെ പ്രശ്നങ്ങളിൽ സമചിത്തതയോടെ ഇടപെട്ട് സ്വന്തം ജീവിതം മാതൃകയാക്കിയും അവരെ നേർവഴിക്ക് നയിക്കുക. Talk to your child and listern to them carefully. തന്റെ കുട്ടിക്ക് ധൈര്യമായി തുറന്നു പറയുവാൻ തന്റെ മാതാപിതാക്കൾ ഉണ്ട് എന്ന ബോധ്യം അവനിൽ ഉണ്ടെങ്കിൽ ഒരു കുട്ടിയും വഴി തെറ്റില്ല. വളർച്ചയുടെ വിവിധഘട്ടങ്ങളിൽ കുട്ടികൾക്ക് തണലായി നിൽക്കുവാൻ എല്ലാ മാതാപിതാക്കൾക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ●

## ഇടവകദീപം പത്താം വാർഷിക ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു



**രാമമംഗലം ക്നാനായ വലിയപള്ളിയുടെ മുഖപത്രം ഇടവകദീപത്തിന്റെ പത്താം വാർഷിക ആഘോഷങ്ങൾ ക്നാനായ ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.**



# മലർവാടിക്കൂട്ടം

പ്രിയ കൂട്ടുകാരേ,

എല്ലാവരേയുംകാൾ വലിയവനാകുവാൻ ആഗ്രഹിക്കാത്ത ആരുമില്ല. വലിയവനാകുവാൻ വേണ്ടി പല പ്രവർത്തികളും ചെയ്ത് അവസാനം പരാജയപ്പെട്ട് മുഷിയുന്ന അനുഭവങ്ങൾ ധാരാളമുണ്ട്. സമൂഹത്തിൽ ഒറ്റയാൻമാരായി മാറുന്നത് ഇവരുടെ മുഖമുദ്രയാണ്. തന്റെ കാര്യവിജയങ്ങൾക്ക് വേണ്ടി എന്തും ചെയ്യുന്നവരാണ്. ഈ കൂട്ടരുടെ ആത്യന്തികമായ അനുഭവം പരാജയമാണ്.

ഒരു കഥ വായിക്കുവാനിടയായി. ആരാണ് വലിയവൻ എന്ന ചിന്തയുമായി ഒരു മനുഷ്യന്റെ കൈയ്യിലെ വിരലുകൾ തമ്മിൽ തർക്കമായി. ഓരോരുത്തരും തങ്ങളുടെ പ്രത്യേകതകൾ ചൂണ്ടികാട്ടി വാദിക്കുവാൻ തുടങ്ങി. അവസാനം ഇവർ ഒരു കോടതിയിൽ എത്തി. ന്യായാധിപന്റെ മുൻപാകെ വിരലുകൾ ഓരോന്നും തങ്ങളുടെ വാദങ്ങൾ നിരത്തി. ഒന്നിനും പരിഹാരമായില്ല. അവസാനം ന്യായാധിപൻ ശിപായിയോട് ഒരു ആപ്പിൾ ഒരു പരന്ന പാത്രത്തിൽ കൊണ്ടുവരുവാൻ പറഞ്ഞു. എന്നിട്ട് ന്യായാധിപൻ ഓരോ വിരലുകളോടും തനിയെ എടുക്കുവാൻ പറഞ്ഞു. നിസ്സാരമെന്നു കരുതി ആദ്യം തള്ളവിരൽ ചാടി. കിണഞ്ഞു പരിശ്രമിച്ചു സാധിച്ചില്ല. വിരലുകൾ ഓരോന്നായി ആവതു പരിശ്രമിച്ചു സാധിച്ചില്ല. പരാജയപ്പെട്ടുനിന്ന വിരലുകൾ എല്ലാവരേയും വിളിച്ചിട്ട് എല്ലാവരും കൂടി ഒന്നു പരിശ്രമിക്കുവാൻ പറഞ്ഞു. എല്ലാവിരലുകളും ചേർന്നപ്പോൾ നിഷ്പ്രയാസം ആപ്പിൾ എടുക്കുവാൻ സാധിച്ചു. ന്യായാധിപൻ പറഞ്ഞു ഒറ്റയ്ക്ക് നിങ്ങൾ ദുർബ്ബലരാണ്. ഒന്നിച്ചാൽ ശക്തരാണ്.

പ്രിയ കുട്ടുകാരേ, ഒറ്റയ്ക്ക് നിൽക്കുമ്പോൾ നാം ബലഹീനരാവും എന്നാൽ ഐക്യമത്യം മഹാബലം ഒന്നായാൽ നന്നാകാം നന്നായാൽ ഒന്നാകാം.

ഒരുമയുടെ വക്താക്കളായി തീരാം. സ്വാർത്ഥതയുടെ മുഖം മൂടി മാറ്റാം.

നവവത്സരാശംസകളോടെ

**കൊച്ചേട്ടൻ**

## 28-08-2018-ൽ നിലവിൽ വന്ന ക്നാനായ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ

പ്രിയരേ,

ക്നാനായ അസ്സോസിയേഷൻ പുതുതായി തിരഞ്ഞെടുത്ത മാനേജിംഗ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ സമുദായാംഗങ്ങളെ അറിയിക്കുന്നതിന് താല്പര്യപ്പെടുന്നു.

1. 28-08-2018-ൽ കമ്മറ്റി നിലവിൽ വന്നതിനുശേഷം, 30-10-2018-ൽ കൂടിയ അസ്സോസിയേഷൻ സമുദായത്തിന്റെ വിവിധ സ്ഥാപനങ്ങളിലേക്ക് ഭാരവാഹികളെ തിരഞ്ഞെടുത്തു നിയമിച്ചു.

2. 110 വർഷം പഴക്കമുള്ള നമ്മുടെ ആസ്ഥാനമന്ദിരമായ അപ്രേം സെമിനാരി പഴമ നിലനിർത്തി പുനരുത്ഥാന പണികൾ തുടങ്ങി. സെമിനാരി അങ്കണത്തിൽ പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ 'ടൈലുകൾ' ഇട്ടു മനോഹരമാക്കി. കൂടാതെ സെമിനാരിയുടെ സ്വീകരണ മുറികളുടെ നവീകരണ പ്രക്രിയകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വർഷങ്ങളായി ഇടിഞ്ഞു കിടന്ന മതിലുകൾ കോൺക്രീറ്റു ചെയ്തു പുനഃസ്ഥാപിച്ചു.

3. വടപുറം സ്ക്കൂളിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ എത്തിക്കഴിഞ്ഞു. 2019 മാർച്ച് മാസത്തിൽ ഉദ്ഘാടനം നടത്തുവാൻ ദൈവത്തിൽ ശരണപ്പെടുന്നു.

4. ക്നാനായ കമ്മറ്റി അംഗങ്ങൾ കൊടുങ്ങല്ലൂർ സന്ദർശിച്ചു. "ക്നാനായ പൈതൃക സ്മാരക'ത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

5. ജലപ്രളയത്തിൽ താറുമാറായ സുഖാർ ധ്യാനകേന്ദ്രത്തിന്റെ അറ്റകുറ്റപണികൾ, Land Scape-ഉം നടന്നുകൊണ്ടിരിക്കുന്നു.

6. ക്ലീമിസ് സ്ക്കൂളിനോടു ചേർന്നു കിടക്കുന്ന സമുദായംവക സ്ഥലത്ത് ക്നാനായ മെഡിക്കൽ സെന്റർ എന്ന പേരോടുകൂടിയ സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ടിയുള്ള സർവേ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

7. കാടുപിടിച്ചുകിടക്കുന്ന നെല്ലിക്കൽ സമുദായംവക സ്ഥലത്തെ കാടു തെളിച്ച് റബ്ബർ മരത്തിൽനിന്നും ടാപ്പു ചെയ്യുന്നതിനുള്ള ജോലികൾ ആരംഭിച്ചു.

8. വിദ്യാഭ്യാസത്തിൽ ഉന്നത നിലവാരം പുലർത്തിയ ക്നാനായ സമുദായത്തിലെ പ്രതിഭകളെ ആദരിക്കുന്ന **"ക്നാനായ മെരിറ്റ് അവാർഡ് 2018"** ജില്ലാ കലക്ടറുടെയും, സഹോദരീ സഭാമേലദ്ധ്യക്ഷന്മാരുടെയും നേതൃത്വത്തിൽ ഭംഗിയായ രീതിയിൽ നടത്തുവാൻ സാധിച്ചു.

9. ഇദം പ്രഥമമായി നമ്മുടെ ആസ്ഥാന മന്ദിരമായ അപ്രേം സെമിനാരിയുടെ അങ്കണത്തിൽ "Christmas Eve", വിവിധ സഭാമേലദ്ധ്യക്ഷന്മാരുടെയും ഉന്നത വ്യക്തികളുടെയും സാന്നിദ്ധ്യത്തിൽ, വിവിധ പരിപാടികളോടെ നടന്നു.

10. പ്രളയക്കെടുതിയിൽപ്പെട്ട സമുദായാംഗങ്ങൾക്ക് സമുദായത്തിന്റെ ശ്രമഫലമായി അമേരിക്കയിൽനിന്നു ലഭിച്ച ധനസഹായം വിതരണം ചെയ്യുവാൻ സാധിച്ചു.

11. ക്നാനായ സമുദായത്തിലെ വൈദികരുടെ വേതനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ധാരാളം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കണം. ഏവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്.

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ** (സമുദായ സെക്രട്ടറി)

# St. Mary's Knanaya Church Sharjah

## Managment Committe

### 2018-2019

### Vicar & President



**Rev. Fr. Sajan C Alex**
Chackalayil, Ramankary

### Trustee



**Lenju Mon Joseph**
Murikolippuzha , Ranny

### Secretary



**Tiji Abraham**
Purackal, Ranny

### Joint Trustee



**Jaymon Jacob**
Punnamoottil,
Aythala Ranni

### Vice President



**Joseph Kurian ( Sabu )**
Thundyil, Kattodu

### Joint Secretary



**Sony Mathew**
Thekkumthara,
Alappuzha

### Committee Members



**Jacob Abraham**
Malloosheril,
Ranny



**Sajan Punnose**
Thodathil
Vallakathymannil,
Thuruthicad



**Bibin Jacob**
Panachamoottil,
Mannar



**Renjith Philip**
ParapuzhaKunnil,
Eraviperoor



**Vinod Mathew**
Vadakekalayil,
Vakathanam



**Shaji M Abraham**
Maliekkal,
Ranny



**Sunu kuriakose**
Kallamannil ,
West Othera



**Jacob. E.K.**
Edasseril
Ranny
Ex-Officio



**Benny Mathai**
Chengalipallathil
Kuttoor
Ex-Officio



**Mathew Abraham**
( Sabu )
Punnathanam
Chingavanam
Association Member



**Alex Abraham**
( Lino )
Murikolippuzha
Chingavanam
Association
Member



**Gebu Tom K**
Abraham
Kalappurackel
Thengeli
Auditor



## 25th Wedding Anniversary

10- 01- 2019

## Cheriyan & Sindhya Thomas

**Alemkalam**
**NY, USA**

With love & prayers,
Juliana & Angelina Thomas
Kaippakasseril Family

Advt - O

## 25th Wedding Anniversary

22-01-2019



## Saji Oonnittan & Gini Saji

**Edasseril, Bangalore**

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി."

**With love & prayers**
**Nikhil & Niegel**

Advt - O

## 50-ാം വിവാഹ വാർഷികം

19-01-2019



## K. C. ഏബ്രഹാം & കുഞ്ഞമ്മ ഏബ്രഹാം

**വെള്ളേംപള്ളിൽ, കളമശ്ശേരി, എറണാകുളം**

ഇത്രത്തോളം ജയം തന്ന ദൈവത്തിന് സ്തോത്രം
ഇതുവരെ കരുതിയ രക്ഷകനു സ്തോത്രം

ആശംസകളോടെ
മക്കൾ, കൊച്ചുമക്കൾ

Advt - O

# ST. MARY'S KNANAYA CONGREGATION
## Perth, Australia

### Managing Committee 2018-2019

### Vicar



Rev. Fr. Santhosh Markose

Kallolickal

### Secretary



Manoj Kuriakose

Kavumkal

St.Thomas Valiyapalli, Ranni

### Trustee



Sujith Abraham

Koipurathu

St. Kuriakose Church, Aythala

### Committee Members



Sijo Abraham

Kattuvelil

St.Mary's Knanaya Church, Kuttoor



Freddy George

Kochumalathusseril

St.John's Dayara Church, Chingavanam



Rajesh Raju

Chudukattil

St.Mary's Church, Thiruvanvandoor



Noby Chacko Pappachan

Kochuchirayil

St. Simon's Church, Vakathanam

### Auditor



Thomaskutty Kuriakose

Kizhakkemundackal

St. Mary's Church, Thiruvanvandoor



ബഹ്റൈൻ സെന്റ് പീറ്റേഴ്സ് യാക്കോബായ പള്ളിയുടെ നാല്പതാം വാർഷികവും, പുതുക്കിപണിത പള്ളിയുടെ കൂദാശയും നടത്തിയ അവസരത്തിൽ പള്ളിയുടെ സ്ഥാപകഅംഗമായ പടിഞ്ഞാറ്റോതറ കല്ലേമണ്ണിൽ സെൽവിയെ പരിശുദ്ധ പാത്രിയാർക്കീസ് ബാവ പൊന്നാട അണിയിച്ചു അനുമോദിച്ചു.




## 9th Death Anniversary

20-01-2019



### K. C. Mathew

**Arunodayam Kariyil, Kunnumpurath**
**Kottayam**

Daddy we love, you and know that you are safe in the lord's hands. You will always be on in our hearts.

Inserted by

Marykutty, Arun, Shiny, Tom, Shalini, Kevin, Samantha, Tamsin and Aidan

Advt - O

## 40 – ാം ചരമ ദിനം

11-01-2019



### ഹെലനിയാമ്മ ചാക്കോ

**കണ്ണങ്കര, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 3rd Birthday in Heaven

11-01-2019



### C. A. Abraham (Pappachen)

**Cheriyamoozhyil**
**Ranni**

“നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 – ാം ചരമ ദിനം

09-01-2019



### ഷൈനി ഏബ്രഹാം

**കുന്നുംപുറത്ത്, റാന്നി**

“നിത്യതയിൽ കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 – ാം ചരമ ദിനം

01 – 01 – 2019



**കെ. എ. കുറിയാക്കോസ്** (പാപ്പച്ചൻ)

(ഗവ. കോൺട്രാക്ടർ)

കൊച്ചേത്ത്, ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 – ാം ചരമ ദിനം

07 – 01 – 2019



**പി. റ്റി. സഖറിയ** (സഖറിയ സാർ)

പുളിമൂട്ടിൽ, മന്ദമരുതി

റാന്നി

റിട്ട. അദ്ധ്യാപകൻ MCUPS

Advt - O

## 40 – ാം ചരമ ദിനം

27 – 12 – 2018



**C. J. Punnoose** (Sunny)

Pulladathil, Karapuzha P. O
Kottayam

(In loving memory of our dearest pappa
loved and remembered)

By Sorrowing Family

Advt - O

സ്നേഹ സ്മരണയ്ക്ക്

## 1 – ാം ചരമ വാർഷികം

03 – 01 – 2019



**സി. കെ. ഫിലിപ്പ്**

ചാങ്ങാടത്തിൽ, ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*ഭാര്യ – മോളി ഫിലിപ്പ്, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O

# 1st Death Anniversary

28-01-2019



# M. J. Mathew Mallooseril (Mannychayan)

WITH FOUND REMEMBRANCE YOUR LOVING FAMILY

Advt - O

## First Birthday in Heaven

18– 01– 2019



## T. A. Abraham

**Thekkeparampil**

**Culcatta**

By Sorrowing Family

Advt - R



## 4 –ാം ചരമ വാർഷികം

30–01–2019



## M. M. മർക്കോസ്

**മാമലതാഴത്ത്, രാമമംഗലം**

**കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**

**സന്തപ്ത കുടുംബാംഗങ്ങൾ**

Advt - O



## വേർപാടിന്റെ 2 –ാം വാർഷികം

09–01–2019



## വത്സ ഏബ്രഹാം

**കുട്ടോലമഠം, തിരുവനന്തപുരം**



## 1 –ാം ചരമ വാർഷികം

09–02–2019



## V. C. Abraham (Aniyachen)

**വളഞ്ഞൻതുരുത്തിൽ, റാന്നി**

**"നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 40 – ാം ചരമദിനം

22 – 01 – 2019

# അമ്മിണി ജോസഫ്

**പള്ളിയമ്പിൽ, കുറ്റൂർ**

ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനിയും നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും. എനിക്ക് മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ. (2 തിമോ. 4.7.8)

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 6 – ാം ചരമ വാർഷികം

10-01-2019



**അച്ചാമ്മ തോമസ് കണ്ണങ്കര പുത്തൻപുരയിൽ**

